# ശാംഭവി

ത്രൈമാസിക

പുസ്തകം 7 | ഏപ്രിൽ - ജൂൺ 2018 | ലക്കം 2

# പത്രാധിപക്കുറിപ്പ്

*സ്വയമേവ മൃഗേന്ദ്രതാ*

മൃഗങ്ങൾ ഒരിക്കലും അഭിഷേകവും മറ്റു സംസ്കാരവും നടത്തി സിംഹത്തെ രാജാവാക്കാറില്ല. എന്തുകൊണ്ടെന്നാൽ വിക്രമത്താൽ രാജ്യം നേടി സ്വയമാണ് മൃഗരാജനാക്കേണ്ടത്. ഇതൊരു സുഭാഷിതത്തിന്റെ അർത്ഥമാണ്. പ്രയത്നം കൂടാതെ ഒരാൾക്കും ഒന്നും ലഭിക്കില്ല. ഈ സംസ്കൃതസുഭാഷിതം ഇങ്ങനെയാണ്.

*നാഭിഷേകോ ന സംസ്കാരഃ സിംഹസ്യ ക്രിയതേ മൃഗൈഃ*
*വിക്രമാർജിതരാജ്യസ്യ സ്വയമേവ മൃഗേന്ദ്രതാ*

സിംഹം സ്വശക്തിയാലും സ്വപരാക്രമത്താലും കാട്ടിലെ രാജാവാകുന്നു. അല്ലാതെ ശക്തിയും പരാക്രമവും ഇല്ലാത്ത ഒരാളെയും മൃഗങ്ങൾ പോലും രാജാവാക്കില്ല. മനുഷ്യരുടെ സ്ഥിതി പിന്നെ പറയാനില്ലല്ലോ. രാജ്യത്തിലെ ഏതു പൗരനും സ്വകഴിവ് പ്രകടിപ്പിക്കാനുള്ള ശക്തിയും സാമർത്ഥ്യവും ബുദ്ധിയും പ്രയോഗിച്ചാൽ മാത്രമേ കഴിവിനനുസരിച്ച് ആ മേഖലയിൽ ഉയർന്ന പദവിയും സന്തോഷവും ലഭിക്കുകയുള്ളൂ. രാജനൈതികവിഷയത്തിൽ ഒരു രാജ്യത്തിന്റെ ഭരണത്തലവൻ ആകുവാൻ ആവശ്യമായ ഗുണഗണങ്ങളെപ്പറ്റി ഈ സുഭാഷിതത്തിൽ വിക്രമപദം കൊണ്ട് പറയുന്നു. ശരീരപുഷ്ടി, ജനശക്തി, പ്രവർത്തനശേഷി, അധികാരം, നിയന്ത്രണശക്തി, ഊർജ്ജസ്വലത, സ്ഥിരത, പെരുമാറ്റം, സ്വഭാവം, ശീലം എന്നീ അർത്ഥതലങ്ങൾ വിക്രമപദത്തിനുണ്ട്. ഇവയുള്ള ആൾ സ്വയം ആ മേഖലയിൽ രാജാവായി മാറും.

പുസ്തകം 7 ലക്കം 26
ഏപ്രിൽ - ജൂൺ 2018

ഒരു വർഷത്തേയ്ക്ക് : 60 രൂപ

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
എൽ. ഗിരീഷ്കുമാർ
കെ.പി. ശ്രീധരൻ നമ്പൂതിരി
ഡോ. അജിതൻ പി.ഐ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
ശ്രീകാന്ത് സി.

പുറംചട്ട രൂപകല്പന
ഉണ്ണികൊണ്ടമറുക്.

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ.

മുദ്രണം
മമ ഓഫ്സെറ്റ് പ്രിന്റ്,
നട, ഇരിങ്ങാലക്കുട

# വിഷയവിവരം

1. *ശിവപൂജാസ്തവഃ* 2
2. സംസ്കൃതപാഠം (34) 5
3. ഭഗവദ്ഗീതാ - ഒരു പുനർവായന (14) 13
4. കാശ്മീര ശൈവസമ്പ്രദായം (3) 14
5. ഔഷധസസ്യങ്ങൾ (21) ഇഞ്ചിപ്പുല്ല് 21
6. കുട്ടികളുടെ വാല്മീകിരാമായണം (15) 22
7. ലളിതാസഹസ്രനാമം (25) 24
7. ശിവസ്തോത്രാവലി (2) 26
8. പരമാർത്ഥസാരം (2) 29

# ശിവപൂജാസ്തവഃ

സമ്പാദക : അപർണ്ണാദേവി എ.

*പ്രാതഃ ശങ്കരചിന്തനസ്നപനസംസേകാസുസംരോധനൈഃ*
*സന്ധ്യാസംസ്തുതിമാർജനാഘശമനോപസ്ഥാനസംതർപണൈഃ*
*ദ്വാരസ്ഥാർചനയാഗധാമഗതവിഘ്നോദ്വാസനാദ്യൈഃ പ്രഭോ*
*യഃ ശ്രീമാൻ യജനം കരോതി ഭവതസ്തസ്യൈവ സിദ്ധിദ്വയം.* 1

*ഏകൈവാർഥത ഈശശക്തിരമിതാ യാനേകരൂപാ ശിവാ*
*കാലോപാധിവശാദ് ദ്വിജാ അനുദിനം ബ്രാഹ്മ്യാദിരൂപേണ താം*
*ധ്യായന്ത്യത്ര തു നിർമലാത്മശിവയോഃ സന്ധിശ്ച ശൈവീ പരാ*
*സന്ധ്യാതഃ ശിവ ഏവ സാധകവരൈർധ്യേയഃ സദാ നിർമലഃ.* 2

*പ്രാതഃ സ്മരാമി ഹൃദയാബ്ജഖമധ്യസംസ്ഥം*
*ചന്ദ്രാർകമാർഗവിരഹോദിതചിത്‌സ്വരൂപം*
*ധ്യേയം സദാ മുനിവരൈരപവർഗസിദ്ധ്യൈ*
*വിശ്വാത്മകം സദസദന്തമനന്തമീശം.* 3

*മധ്യന്ദിനേ ശതസഹസ്രനിശാകരാഭം*
*വിശ്വേശ്വരം പരമകാരണമപ്രമേയം*
*ശംഭും സദോദിതമമായവിയത്‌സ്വരൂപം*
*കോദണ്ഡമധ്യനിലയം സതതം സ്മരാമി.* 4

*ബ്രഹ്മാക്ഷരം നിശിമുഖേ/മൃതസാഗരസ്ഥം*
*വിശ്വാധിപം ശിവമനുത്ഥിതനാദസംസ്ഥം*
*ബോധാമൃതം കരണകാരണകാര്യഹീനം*
*തം ബ്രഹ്മരന്ധ്രനിലയം സതതം സ്മരാമി.* 5

*തേജോനിധാനമചലം ശിവമർധരാത്രേ*
*നിത്യം നിരസ്തവിഷയൈഃ പരമാർഥദൃഗ്ഭിഃ*
*വിജ്ഞേയമവ്യയമചിന്ത്യമഭാവനീയ-*
*മുന്മന്യതീതവിഷയം സതതം സ്മരാമി.* 6

*ക്ഷ്മാദിഗ്രന്ഥ്യന്തതത്ത്വക്രമനിഹിതപദാക്രാന്തസംശുദ്ധവിദ്യാ*
*തത്ത്വാന്തവ്യാപിസാദാശിവവിശദപദം ഭാവയന്നാത്മരൂപം*
*ശൈവജ്ഞാനപ്രസിദ്ധപ്രവരവിധിഗതാശേഷസത്കൃത്യകാരീ*
*ജീവം ഹൃദ്യേവ കുര്യദ് രവിശശിദഹനവ്യോമശക്ത്യന്തരസ്ഥം.* 7

*ആയാമൈഃ ശ്വസനസ്യ ഭൗതികമലം ദേഹം കലാഭിഃ സുധീഃ*
*യഃ പഞ്ചാധ്വവിസർപിണീഭിരനിശം സംശോധ്യ തച്ഛംബരൈഃ*
*മന്ത്രാലങ്കൃതദേഹഭൃന്നിശി ദിവാ സന്ധ്യാ സുസന്തോഷയ-*
*ന്നർചാഹോമസമാധിഭിഃ ശിവമസൗ സംയാതി ശൈവം പദം.* 8

*യ ഏഷ ദേവോ മഹതോ മഹീയാൻ*
*അണോരണീയാൻ ഭവഭീരുഭിഃ സദാ*
*ജ്ഞേയഃ ശിവഃ സർവഗതഃ ശരീരേ*
*ധ്യേയശ്ച പൂജ്യഃ ശിവലിംഗമധ്യേ.´* 9

*ഹൃത്പദ്മാഖ്യശിവാലയേ മനസിജേ തത്കർണികാഖ്യേ ക്രിയാ*
*പീഠേ ജ്ഞാനമയം വിശുദ്ധമനസാ സംസ്ഥാപ്യ നാദാത്മനാ*
*ലിംഗം തച്ച സുധാമയേന പയസാ സംസ്നാപ്യ സമ്യക് പുനർ*
*വൈരാഗ്യേണ ച ചന്ദനേന വസുഭിഃ പുഷ്പൈരഹിംസാദിഭിഃ.* 10

*പ്രാണായാമഭവേന ധൂപവിധിനാ ചിദ്ദീപദാനേന യഃ*
*പ്രത്യാഹാരമയേന സോമഹവിഷാ സൗഷുമ്നജാപേന ച*
*തച്ചിത്തോ ബഹുധാരണാഭിരമലധ്യാനോദ്ഭവൈർഭൂഷണൈ*
*സ്തത്സാമ്യാണ നിവേദനേന യജതേ ധന്യഃ സ ഏവാമലഃ.* 11

*ചന്ദ്രസ്രാവിസുധാമയേന ഹവിഷാ നാഭിസ്ഥകുണ്ഡേ/നലം*
*സന്തർപ്യേശമയം ശിവാസ്പദഗതവ്യോമ്നി സ്ഥിതേ സർവഗേ*
*കന്ദോദ്ഭൂതശിവാണുനാദശിഖയാ വൃത്ത്വാത്മ സംവേദനം*
*ശൈവേ ജ്യോതിഷി യഃ കരോതി പുരുഷോ മുക്തഃ സ ഏവാക്ഷയഃ.* 12

*യഥാവദാത്മാശ്രയവസ്തുമന്ത്ര-*
*സ്വായത്തലിംഗാദിഷു ശോധിതേഷു*
*സിദ്ധാന്തമാർഗസ്ഥിതസാധകാനാം*
*ത്വത്പൂജനം നാത്ര വിലോമതോ/സ്തു.* 13

*ധാരികാദിവശക്തിബീജമനന്തപങ്കജകുഡ്മലം*

*പുണ്യബോധവിരാഗഭൂതിപദം വിലോമചതുഷ്ടയം*
*ഗാത്രകം ഛദനദ്വയം കമലം സകേസരകർണികം*
*ശക്തിമണ്ഡലസംഘയുക്തമഹം നമാമി ശിവാസനം.* 14

*പൃഥ്വീകന്ദം കാലതത്ത്വാന്തനാളം*
*ലോകൗഘം തത്കന്ദകം ഭാവസൂത്രം*
*ഗ്രന്ഥിഗ്രന്ഥിം ശുദ്ധവിദ്യാസരോജം*
*വിദ്യേശാനാരൂഢപത്രാഷ്ടകം ച.* 15

*വാമാദിശക്തിഗതകേസരകർണികാഢ്യ-*
*മർകാദിബിംബസഹിതം വരയോഗപീഠം*
*തത്രസ്ഥിതം ഹൃദയതന്ത്രഗതാത്മമന്ത്ര-*
*മൂർതിം ച ബീജഗതമീശമഹം നമാമി.* 16

*തത്കന്ദം ശതകോടിയോജനമിതം നാളം പരാർധാന്തഗം*
*ഗ്രന്ഥിഃ കോടിപരാർധപശ്ചിമസഹസ്രാബ്ജം ച തല്ലക്ഷകം*
*മൂർത്തിസ്തസ്യ ച കോടിരീശ്വരമയീ തസ്യാർബുദസ്യാർബുദാ*
*ഭോജം മന്ത്രമയം സദാശിവവപുസ്തദ്വാനമേയഃ ശിവഃ.* 17

*യസ്യാമൗഷധഭൂഷണധ്വനിമയീ മൂർതിഃ പരാ ബൈന്ദവീ*
*ധ്യേയാ ശങ്കരമന്ത്രതന്ത്രനിരതൈർജ്ഞാനക്രിയാംഗീ*
*സർവൈശ്വര്യസുഖപ്രദാ നിരുപമാ സാദാശിവാ നിർമലാ*
*നാദാഖ്യായ സദാശിവായ മഹതേ ശാന്തായ തസ്മൈ നമഃ.* 18

*ധ്യേയഃ സദാ ഗഗനമണ്ഡലമധ്യവർതീ*
*നിർവിഘ്നശുദ്ധശിവയോഗിഹൃദയംബുജസ്ഥഃ*
*ഈശോർധ്വനിഷ്കലശിവാന്തവപുഃ സദേശോ*
*ബിന്ദുസ്വരോദ്ഭവകലാഭുവനേശഗർഭഃ.* 19

*യോ/സാവീശാനമൂർധാ നരമുഖകമലോ/ഘോരഹൃദ്വാമഗുഹ്യഃ*
*സദ്യോമൂർതിഃ പുരേശാനനഹൃദയപദഃ ഷഡ്വിധാധ്വസ്വരൂപഃ*
*ഭൂതാംഭോരാശിസിദ്ധിസ്മരഭുജഗകലാക്ലൃപ്തദേഹഃ ക്രിയേച്ഛാ-*
*ദൃങ്ഭാസാർധാംബകസ്ഥം കപിലഗതമഹം നൗമി വിദ്യാശരീരം.* 20

*ശ്വേതാസൃക്കൃഷ്ണപീതസ്ഫടികശശിസുവർണാരുണാഖ്യാഗ്നിവർണ-*
*ബ്രഹ്മാണ്ഡൈർഗർവ്യക്തമൂർതിർഭവഹരശിവസയോഗതഃ സ്ഥാടികാഭം*

*ഐക്യാന്മന്ത്രാർഥയോരിത്യഖിലശിവമതേഷ്വാഹ സർവാർഥഹേതു-*
*ർവക്ത്രാണാം വർണഭേദശ്ചിദചിദധിപതേശ്ചിത്രമേതത് സ്വരൂപം.* 21

*ഈശാനേന വിയന്മയേന ധവളപ്രഖ്യേന സർവം വിഭോർ-*
*വ്യാപ്തം വക്ത്രചതുഷ്ടയം പുരുഷഹൃദ്ഗുഹ്യാജമന്ത്രാത്മകം*
*തേനേദം ധവളപ്രഭം ശിവവിദഃ പൂർവാദികാഷ്ഠാഭൃതാം*
*വർണാനുഗ്രഹഹേതുതഃ പ്രതിമുഖം പീതാദിവർണം വിദുഃ.* 22

*ഈശതത്പുരുഷാഘോരവാമാജവദനം ശിവം*
*ബാലയൗവനവൃദ്ധസ്ത്രീനരാകാരം നമാമ്യഹം.* 23

*ത്രിശൂലഖട്വാങ്ഗധരഃ സശക്തിർ*
*വരാബ്ജഹസ്തോ/ഭയപാണിരീശഃ*
*സേന്ദീവരാഹിർഡമരുപ്രസക്തഃ*
*സബീജപൂരഃ ശുഭദോ/ക്ഷസൂത്രീ.* 24

*ബോധാനന്ദമയീ വിഭോർഭവഭയപ്രധ്വംസകൃച്ഛക്തയ*
*സ്തിസ്രസ്താഃ പരിണാമതശ്ച വികൃതിർനിഃശേഷബീജസ്യ*
*തത്പൂർണം പ്രകൃതിഃ കലാദ്യഭിമുഖീ ദീർഘാക്ഷസൂത്രം മനഃ*
*ശംഭോരസ്തനികായ ആഗമവരൈർജ്ഞേയഃ പരോ നാപരഃ.* 25

*ഈശാനം സർവാസാം വിദ്യാനാമീശ്വരം ച സർവഭൂതാനാം*
*ബ്രഹ്മപതിം ബ്രഹ്മത്വാന്നിഷ്കലരൂപം സദാശിവം നൗമി.* 26

*തത്പുരുഷം ഭക്താനാം ശൈവജ്ഞാനപ്രദം മഹാദേവം*
*രുദ്രം ശിവതത്ത്വസിദ്ധ്യൈ തത്ത്വപ്രേരകമഹം വന്ദേ.* 27

*അഥ ഘോരമഘോരം പശുപാശനിരാകരണം ഘോരഘോരതരം*
*സർവസ്മാച്ഛരണമഹം ശർവം ബഹുരൂപിണം വന്ദേ.* 28

*വാമം ജ്യേഷ്ഠം രുദ്രം കലവികരണബലവികരണകലാന്തം*
*ബലപ്രമഥനം സർവഭൂതദമനമനോന്മനമഹം വന്ദേ.* 29

*സദ്യോജാതം സർവജ്ഞം പ്രണതാനാം ഭവഭയാപഹരം*
*അതിഭവവയോജകമമലം ഭവോദ്ഭവം നൗമി ജഗദധിപം.* 30

*ശ്രീമന്മൂലസുഷുമ്നനാദശിഖയാ ബ്രഹ്മാദിസാദാശിവ*
*സ്ഥാനത്യാഗഗതിക്രമോർധ്വവിലസദ്വ്യോമാന്തസംസ്ഥായ തേ*

*ബോധാനന്ദമയായ സർവവിഭവേ നിത്യായ വിശ്വാത്മനേ*
*ശുദ്ധായാമലതേജസേ ച മഹതേ തസ്മൈ പരസ്മൈ നമഃ.* 31

*ചന്ദ്രയുഗ്മഗുണാർധമാത്രതദർധതദ്ദലഷോഡശ-*
*ദ്വ്യുത്തരത്രിദശാബ്ധിഷഷ്ഠിഭുജംഗമശ്രവണക്ഷമാഃ*
*ദർശനേഷു കാരാംശഭാവമിതോന്മനീപരമാസനം*
*യസ്യ തം പ്രണതോസ്മി നിഷ്കലമവ്യയം പരം ശിവം.* 32

*ആദിപഞ്ചമമൃത്യുഭൂഷണചന്ദ്രഖണ്ഡഗുണാശ്രുദ്ദഗ്-*
*ഭാനുഗധ്വനിസീരഭാസ്കരസേന്ദുവൃത്തഹലാകൃതിഃ*
*സാംശ്രുമത്ത്രിശിഖദ്വിബിംബഗതദ്വികുബ്ജഗ ഉൻമനാഃ*
*പാതു വഃ സകലോ/പരഃ സകലാകലസ്ത്വകലഃ ശിവഃ.* 33

*നിഷ്കലം ശിവരുദ്രതദ്ഗലഭൂഷാർധഹിമാംശുമ-*
*ദ്രോധിദണ്ഡതദന്തശക്തിചതുഷ്ടയേശ്വരയോഗിനം*
*ശങ്കരം വസുസാഗരാങ്ഗുലചാരിണം രസശൂന്യഗം*
*സർവമന്ത്രപതിം പ്രസാദമഹം നതോ/സ്മി ഷഡധ്വഗം.* 34

*ചിദ്വ്യക്തിസംസ്ഥിത്യവലോകരോധൈർ*
*മുദ്രോത്തരൈരെങ്ഗശിവൈകഭാവൈഃ*
*പാദ്യാചമാർഘ്യപ്രസവ പ്രദാനൈ*
*സ്ത്വദർചനം ജന്മഫലം മഹേശ.* 35

*ആവാഹനം സ്വാത്മനി ചിത്പ്രകാശ*
*സ്തത്ര സ്ഥിതിഃ സ്ഥാപനമീശ്വരസ്യ*
*സാന്നിധ്യമാത്മേശ്വരസന്നിധാനം*
*സരോധനം ച സ്വശിവേ നിരോധഃ.* 36

*നമോ/സ്തു സംജ്ഞാനഹൃദേ ഭവായ നമോ*
*ഗുണൈശ്വര്യ വിശിഷ്ടമൂർതയേ*
*നമോ/പരാധീനശിവത്വരൂപശിഖായ*
*തേജഃ കവചാത്മനേ നമഃ.* 37

*നമഃ പശൂനാം മലകൃന്തനക്ഷമാ*
*സഹപ്രതാപാസ്ത്രകരായ ശൂലിനേ*
*നമോ/വികാരായ ഷഡങ്ഗമൂർതയേ*
*സദാശിവായാ മൃതരൂപിണേ നമഃ.* 37

*സ്വഭാവശുദ്ധസ്യ ശിവസ്യ പാദ്യമാചമ്യ-*
*മാത്മീയവിശുദ്ധിഹേതോഃ*
*അർഘ്യപ്രദാനം കുസുമാർപണം ച*
*സദ്ദേശധാമാപ്തിനിമിത്തമേതത്.* 39

*സ്നാനം സ്വാത്മമലാപഹം ശുഭമയൈർഗന്ധൈഃ സമാലേപനം*
*സദ്വസ്ത്രാഭരണം സുഗന്ധികുസുമൈർമാലാഭിരഭ്യർചനം*
*സാലങ്കാരസദാശിവസ്യ വിധിവദ് ധൂപപ്രദാനം ത്വണോർ-*
*ഭോഗാർഥം ഹി സദ്ദേശധാമ്നി വിമലം ദീപം ശിവജ്ഞാനദം.* 40

*ശുചിശരക്തപാനിലേന്ദ്രമൃത്യുകേന്ദ്രദിക്സ്ഥിതാൻ*
*പയോധരാർകവാതവഹ്നിസന്നിഭാനലേക്ഷണാൻ*
*യുഗാനനാൻ വരാഭയത്രിശൂലശക്തിയുക്കരാൻ*
*നമഃ ശിവാങ്ഗസംഭവാൻ ഹൃദാദിമന്ത്രവിഗ്രഹാൻ.* 41

*ഭോഗാങ്ഗാർചനമാത്മനഃ ശിവഗുണപ്രാപ്ത്യർഥമൈക്യം വിഭോ-*
*രങ്ഗാനാം പുനരർചകസ്യ ശിവസംയോഗായ ശുദ്ധാത്മനഃ*
*തൃപ്തസ്യാത്ര നിവേദനാംബുമുഖവാസാദിപ്രദാനം മന-*
*സ്തുഷ്ട്യർഥം ശിവ സർവമംഗളകരം ചിത്രം തവാർചാഫലം.* 42

*പവിത്രപൂതസ്യ പവിത്രദാനം താപത്രയാഘ്നം സകലാർഥസിദ്ധ്യൈ*
*ജപശ്ച ഭക്ത്യാ പ്രണതിഃ ശിവസ്യ ബ്രഹ്മേന്ദ്രവിഷ്ണ്വാദിപദത്വഹേതുഃ* 43

*അർചനേ സകലം ജപേ സകലാകലം സതതോദിതം*
*നിഷ്കലം സകലാധ്വഗം പരിപൂർണമാത്മസമർപണേ*
*വ്യോമ്നി സുസ്ഫടികപ്രഭം ഭവനേ കലാസഹിതം സുധീർ-*
*യോ ഹി വേത്തി പരം ശിവം ശിവ ഏവ സോ/ത്ര ന സംശയഃ.* 44

*അശുദ്ധതത്ത്വൗഘബഹിഷ്ക്രിയാർഥം*
*പരാങ്മുഖാഖ്യം പരമേശ്വരസ്യ*
*യസ്മിന്നവസ്ഥാനകരം വിസർഗം*
*കുർവൻ സ ശൈവം പദമഭ്യുപൈതി.* 45

*വിപ്രോത്തുങ്ഗശ്ചോലദേശൈകസൂര്യഃ ശംഭോഃ*
*പൂജാസ്തോത്രമേതത് പവിത്രം ഭക്ത്യാ ചക്രേ ഭുക്തയേ മുക്തയേ ച.* 46

# സംസ്കൃതപഠനം (34)

ഡി. പ്രകാശ്

കർത്താവിന്റെ ലിംഗം മാറുമ്പോൾ കർത്തൃവിശേഷത്തിന്റെ ലിംഗ മാറ്റവും കൂടി ശ്രദ്ധിക്കുക.

1. छात्रः पठितवान् എന്ന വാക്യത്തിലെ पठितवान् എന്നത് കർത്തൃവിശേഷണമാണ്. छात्रः കർത്താവാകുമ്പോൾ पठितवान् എന്നത് പഠിച്ചവൻ എന്ന് കർത്തൃവിശേഷണമാകുന്നു. പഠിച്ചവനായ വിദ്യാർത്ഥി എന്നോ വിദ്യാർത്ഥി പഠിച്ചവനാകുന്നു എന്നോ അർത്ഥം പറയാം. എന്തുതന്നെയായാലും വിദ്യാർത്ഥി പഠിച്ചു എന്നർത്ഥം കിട്ടും.

മുകളിൽ വിശദമാക്കിയത് പുല്ലിംഗമെങ്കിൽ ഇവിടെ സ്ത്രീലിംഗപ്രയോഗം വ്യക്തമാക്കുന്നു.

2. छात्रा पठितवती = വിദ്യാർത്ഥി പഠിച്ചവളാകുന്നു.
   നപുംസകലിംഗത്തിന് ഉദാഹരണം താഴെ കൊടുക്കുന്നു.
3. मित्रं पठितवत् = ചങ്ങാതി പഠിച്ചവനാകുന്നു.

ഇവിടെ മിത്രം എന്നത് നപുംസകലിംഗരൂപമാകുന്നു. അതുകൊണ്ട് पठितवत् എന്ന് നപുംസകരൂപം.

ഇപ്രകാരം നാമം, സർവ്വനാമം എന്നിവ കർത്താവായി വരുമ്പോൾ അവയുടെ ലിംഗമനുസരിച്ചായിരിക്കും ക്രിയയെ സൂചിപ്പിക്കുന്ന കർത്തൃവിശേഷണ രൂപങ്ങൾ. ഇതുപോലതന്നെ മധ്യമ പുരുഷന്റെയും ഉത്തമപുരുഷന്റെയും പ്രയോഗത്തിലും.

മുകളിൽ കൊടുത്തിട്ടുള്ള കർത്തൃവിശേഷണങ്ങളായ 'ക്തവതു' പ്രത്യയാന്തരൂപങ്ങളുടെ വാക്യപ്രയോഗം താഴെ കൊടുക്കാം.

बालः पठितवान् (ബാലൻ പഠിച്ചവനാകുന്നു)
बालिका पठितवती (ബാലിക പഠിച്ചവളാകുന്നു)
मित्रं पठितवत् (ചങ്ങാതി പഠിച്ചവനാകുന്നു)

छात्रः लिखितवान् (വിദ്യാർത്ഥി എഴുതിയവനാകുന്നു)
छात्रा लिखितवती (വിദ്യാർത്ഥി എഴുതിയവളാകുന്നു)

मित्रं लिखितवत् (ചങ്ങാതി എഴുതിയവനാകുന്നു)

शिशुः हसितवान् ( ശിശു ചിരിച്ചവനാകുന്നു)
गीता हसितवती (ഗീത ചിരിച്ചവളാകുന്നു)
मित्रं हसितवत् (ചങ്ങാതി ചിരിച്ചവനാകുന്നു)

अनुजः क्रीडितवान् (അനുജൻ കളിച്ചവനാകുന്നു)
अनुजा क्रीडितवती (അനുജത്തി കളിച്ചവളാകുന്നു)
मित्रं क्रीडितवत् (ചങ്ങാതി കളിച്ചവനാകുന്നു)

महिषः तृणं खादितवान् (പോത്ത് പുല്ല് തിന്നവനാകുന്നു)
धेनुः तृणं खादितवती (പശു പുല്ല് തിന്നവളാകുന്നു)
मित्रं ओदनं खादितवत् (ചങ്ങാതി ചോറു തിന്നവനാകുന്നു)

व्याघ्रः धावितवान् (പുലി ഓടിയവനാകുന്നു)
हरिणी धावितवती (പെൺമാൻ ഓടിയവളാകുന്നു)
मित्रं धावितवत् (ചങ്ങാതി ഓടിയവളാകുന്നു)

वृक्षः पतितवान् (വൃക്ഷം പതിച്ചവനാകുന്നു)
शाखा पतितवती (കൊമ്പ് പതിച്ചവളാകുന്നു)
पुष्पं पतितवत् (പൂവ് ചതിച്ചതാകുന്നു)

नेता संस्थां स्थापितवान् (നേതാവ് സ്ഥാപനം സ്ഥാപിച്ചവനാകുന്നു)
माता द्रोणीं स्थापितवती (അമ്മ ബക്കറ്റ് സ്ഥാപിച്ചു)
मित्रं मैत्रीं स्थापितवत् (ചങ്ങാതി ചങ്ങാത്തം സ്ഥാപിച്ചു)

सीवनकारः वस्त्रं कर्तितवान् (തയ്യൽക്കാരൻ തുണി മുറിച്ചവനാകുന്നു)
माता शाकां कर्तितवती (അമ്മ പച്ചക്കറി മുറിച്ചവളാകുന്നു)
मित्रं तन्तुं कर्तितवत् (ചങ്ങാതി നൂല് മുറിച്ചു)

अर्चकः प्रतिमां पूजितवान् (അർച്ചകൻ പ്രതിമയെ പൂജിച്ചവനാകുന്നു)
सोदरी ज्येष्ठं पूजितवती (സോദരി ജ്യേഷ്ഠനെ പൂജിച്ചവളാകുന്നു)

## मित्रं राजानं पूजितवत् (മിത്രം രാജാവിനെ പൂജിച്ചു)

താഴെ മലയാളത്തിൽ ഒരു ഖണ്ഡിക എഴുതുന്നു. ആ ഖണ്ഡിക സംസ്കൃതത്തിലേയ്ക്ക് വിവർത്തനവും ചെയ്യുന്നു. അതിൽ കർത്തൃവിശേഷണമായ ക്തവതു പ്രത്യയാന്തം പ്രയോഗിച്ചിരിക്കുന്നത് നോക്കുക.

### കഥ മലയാളത്തിൽ

ഒരിടത്ത് ഒരു ഭിക്ഷുകൻ ഉണ്ടായിരുന്നു. അയാൾ പ്രതിദിനം ഭിക്ഷാടനം ചെയ്തിരുന്നു. അങ്ങനെ അയാൾ ജീവിച്ചു. ഒരിക്കൽ അയാൾ തീർത്ഥാടനം ചെയ്യാൻ തീരുമാനിച്ചു. അയാൾ യാത്ര ആരംഭിച്ചു. ധാരാളം വർഷങ്ങളെകൊണ്ട് സമ്പാദിച്ച പണം അയാൾ കൈയിലെടുത്തു. അങ്ങനെ അയാൾ ഗംഗാതീരത്തുള്ള വിശ്വനാഥക്ഷേത്ര സമീപം എത്തിച്ചേർന്നു. ആദ്യം ഗംഗാസ്നാനം അതിനുശേഷം ക്ഷേത്രദർശനം എന്നയാൾ നിർണയിച്ചു. കുളിയ്ക്കുന്ന സമയം കൈയിൽ ഉള്ള പണം നിറച്ച ചെമ്പുപാത്രം എവിടെ സൂക്ഷിക്കുമെന്ന് അയാൾ ചിന്തിച്ചു. അയാൾക്ക് ഒരു പോംവഴി ലഭിച്ചു. അതനുസരിച്ച് ഗംഗാതീരത്ത് കുഴികുഴിച്ച് അതിൽ പണം നിറച്ച ചെമ്പുപാത്രം വച്ചു. എന്നിട്ടയാൾ അതിനുമീതെ മണൽകൊണ്ട് ശിവലിംഗമുണ്ടാക്കി. അതിനുശേഷം അയാൾ കുളിയ്ക്കാൻ പോയി. അയാൾ കുളിച്ചുകൊണ്ടിരിക്കുമ്പോൾ ധാരാളം ഭക്തർ ഗംഗാതീരത്ത് എത്തിച്ചേർന്നു. അവരും തീരത്ത് ഓരോരോ ശിവലിംഗമുണ്ടാക്കിയിട്ട് കുളിയ്ക്കാൻ പുറപ്പെട്ടു. ഭിക്ഷുകൻ കുളികഴിഞ്ഞ് വന്ന് നോക്കിയപ്പോൾ ഗംഗാതീരം മുഴുവൻ ശിവലിംഗംകൊണ്ട് നിറഞ്ഞു. ഏതു ശിവലിംഗത്തിന്റെ അടിയിലാണ് തന്റെ പണം നിറച്ച ചെമ്പുകുടമെന്ന് അവൻ ചിന്തിച്ചു. അങ്ങനെ അവന് ശിവലിംഗം നഷ്ടമായി. അവൻ ഒരു ശ്ലോകം ചൊല്ലി.

*ഗതാനുഗതികോ ലോകഃ*
*ന ലോകഃ പാരമാർത്ഥികഃ*
*ഗംഗാ സൈകതലിംഗേന*
*നഷ്ടം മേ താമ്രഭാജനം.*

ലോകം വെറൊരാൾ ചെയ്തതിനെ അനുകരിക്കുന്നു. ഒരു ലോകം വാസ്തവം അറിയുന്നില്ല. ഗംഗാതീരം മണൽ ശിവലിംഗംകൊണ്ട് നിറഞ്ഞു. എനിക്ക് ചെമ്പുകുടം നഷ്ടമായി.

കഥ സംസ്കൃതത്തിൽ

एकत्र एकः भिक्षुकः आसीत्। सः प्रतिदिनं भिक्षाटनं कृतवान्। एवं सः जीवितवान्। एकदा सः तीर्थाटनं कर्तुं निश्चितवान्। सः यात्राम् आरब्धवान्। बहुभिः वर्षैः सम्पादितं धनं सः हस्ते धृतवान्। एवं सः गङ्गातीरगतविश्व नाथमन्दिरसमीपं प्राप्तवान्। आदौ गङ्गास्नानं ततः मन्दिरदर्शनम् इति सः निर्णीतवान्। स्नानसमये हस्तगतं धनैः पूर्णं ताम्रभाजनं कुत्र सरक्षणीयम् इति सः चिन्तितवान्। सः एकम् उपायं लब्धवान्। तदनुसारेण सः भिक्षुकः गङ्गातीरे गर्तमेकं खनित्वा तत्र धनैः पूर्णं ताम्रभाजनं स्थापितवान्। ततः सः तस्योपरि सिकतैः शिवलिङ्गम् एकं निर्मितवान्। ततः सः स्नानार्थं गतवान्। भिक्षुकस्य स्नानसमये भक्तसमूहः तत्र आगतवान्। ते एकैकः अपि एकैकं तीरे शिवलिङ्गं निर्माय स्नानार्थं प्रास्थितवान्। स्नानं समापितवान् भिक्षुकः सैकतशिवलिङ्गैः पूर्णं गङ्गातीरं दृष्टवान्। कस्य शिवलिङ्गस्य अधः मम धनैः पूर्णं ताम्रभाजनमिति आलोचितवान्। एवं तस्य शिवलिङ्गं नष्टम् अभवत्। स श्लोकमेकं पठितवान्।

*गतानुगतिको लोकः*
*न लोकः पारमार्थिकः।*
*गङ्गा सैकतलिङ्गेन*
*नष्टं मे ताम्रभाजनम्।।*

लोकः सर्वः अपि अपरम् अनुकरोति। एकोऽपि लोकः वास्तवं न ज्ञातवान् अन्यम् अनुगतवान्। गङ्गातीरं सैकतलिङ्गैः पूर्णताम् अवाप्तवान्। मम ताम्रभाजनं नष्टम् अभवत्।

ഈ കഥയിൽ കർത്തൃവിശേഷണമായിട്ടുള്ള 'ക്തവതു' പ്രത്യയാന്ത രൂപങ്ങളെ ഇവിടെ വേർതിരിച്ച് എഴുതാം.

| ഭൂതകാലത്തിൽ ലങ് രൂപം | ക്തവതു പ്രത്യയാന്തരൂപം | അർത്ഥം |
|---|---|---|
| अकरोत् | कृतवान् | ചെയ്തു |

| | | |
|---|---|---|
| अजीवत् | जीवितवान् | ജീവിച്ചു |
| निश्चिनोत् | निश्चितवान् | നിശ്ചയിച്ചു |
| आरभन्त | आरब्धवान् | ആരംഭിച്ചു |
| अधरत् | धृतवान् | ധരിച്ചു |
| प्राप्नोत् | प्राप्तवान् | എത്തിച്ചേർന്നു (പ്രാപിച്ചു) |
| निरणयत् | निर्णितवान् | നിർണ്ണയിച്ചു |
| अचिन्तयत् | चिन्तितवान् | ചിന്തിച്ചു |
| अस्थापयत् | स्थापितवान् | സ്ഥാപിച്ചു |
| निरमात् | निर्मितवान् | നിർമ്മിച്ചു |
| अगच्छत् | गतवान् | പോയി |
| आगच्छत् | आगतवान् | വന്നു |
| प्रातिष्ठत् | प्रास्थितवान् | പുറപ്പെട്ടു |
| समापयत् | समापितवान् | പൂർണ്ണമാക്കി |
| अपश्यत् | दृष्टवान् | കണ്ടു |
| आलोचयत् | आलोचितवान् | ആലോചിച്ചു |
| अपठत् | पठितवान् | പഠിച്ചു |
| अन्वगच्छत् | अनुगतवान् | പിന്തുടർന്നു |
| अजानत् | ज्ञातवान् | അറിഞ്ഞു |
| अवाप्नोत् | अवाप्तवान् | നേടി |

(തുടരും)

# ഭഗവദ്ഗീതാ – ഒരു പുനർവായന [14]

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞലക്കം തുടർച്ച)

*തത്രാപശ്യത് സ്ഥിതാൻ പാർഥഃ പിതൄനഥ പിതാമഹാൻ*
*ആചാര്യാൻമാതുലാൻഭ്രാതൄൻപുത്രാൻപൗത്രാൻസഖീംസ്തഥാ.* 1.26
*ശ്വശുരാൻസുഹൃദശ്ചൈവ സേനയോരുഭയോരപി*

അവിടെ അർജ്ജുനൻ പിതാക്കന്മാരെയും അമ്മാവന്മാരെയും ആചാര്യന്മാരെയും സഹോദരന്മാരെയും മക്കളെയും മക്കളുടെ മക്കളെയും സുഹൃത്തുക്കളെയും അണിനിരന്നിരിക്കുന്നതായി കണ്ടു.

തനിക്കുവേണ്ടി യുദ്ധം ചെയ്യാനും ദുഷ്ടന്മാരായ ധാർത്താരാഷ്ട്രന്മാർക്ക് പ്രിയംചെയ്യാൻ തന്നോടു യുദ്ധംചെയ്യാനുംവേണ്ടി കുരുക്ഷേത്രഭൂമിയിൽ സമാഗമിച്ചവരെ ഒന്നു കാണണമെന്നാണ് ശ്രീകൃഷ്ണനോട് അർജ്ജുനൻ ആവശ്യപ്പെട്ടത്. ഇരുസേനകളുടെ മദ്ധ്യത്തിലായി അർജ്ജുനരഥം കൊണ്ടുനിർത്തിയപ്പോൾ അദ്ദേഹം കണ്ടത് അവരെയല്ല. മറിച്ച് പിതൃതുല്യരായ ആൾക്കാരെയും മുത്തച്ഛന്മാരെയും ദ്രോണാദി ആചാര്യന്മാരെയും ശല്യർ തുടങ്ങിയ അമ്മാവന്മാരെയും ദുര്യോധനൻ യുധിഷ്ഠിരൻ തുടങ്ങിയ സഹോദരന്മാരെയും മകളെയും പേരക്കുട്ടികളായ അഭിമന്യു തുടങ്ങിയവരെയും ഭാര്യാപിതാക്കളെയും മറ്റുമാണ്. അർജ്ജുനൻ അവിടെ കണ്ടത് സ്വന്തം സേനയിലെ യോദ്ധാക്കളൊയോ ശത്രുസേനയിലെ യോദ്ധാക്കളെയോ അല്ല അർജ്ജുനൻ അവിടെ കണ്ടത്. അതിനുപകരം ഇരുസേനയിലും തന്റെ ആൾക്കാരെയാണ് കണ്ടത്. അങ്ങനെ കണ്ടപ്പോൾ എന്തു സംഭവിച്ചു എന്ന് അടുത്ത വരിയിൽ പറയുന്നു.

*താൻസമീക്ഷ്യ സ കൗന്തേയഃ സർവാൻബന്ധൂനവസ്ഥിതാൻ.* 1.27
*കൃപയാ പരയാവിഷ്ടോ വിഷീദന്നിദമബ്രവീത്.*

അവിടെ നിൽക്കുന്നതായ എല്ലാ ബന്ധുക്കളെയും കണ്ടിട്ട് ആ കുന്തീപുത്രനായ അർജ്ജുനൻ മഹത്തരമായ കൃപകൊണ്ട് അവേശിതനായ തളർച്ചയോടെ ഇത് പറഞ്ഞു.

കാശ്മീരപാഠത്തിൽ ഇപ്രകാരമാണ് -

*'കൃപയാ പരയാവിഷ്ടോ സീദമാനോബ്രവീദിദം'*

ഈ ശ്ലോകത്തിലെ നിലവിലുള്ള പാഠത്തിൽ കാണുന്നതായ വിഷീദശബ്ദം കാരണമാണ് അർജ്ജുനവിഷാദയോഗമെന്ന് ഇപ്പോൾ പേരു പറഞ്ഞുവരുന്നത്. എന്നാൽ മഹാഭാരതാന്തർഗതമായ ഗീതയിൽ അദ്ധ്യായങ്ങൾക്ക് പേരിട്ടിട്ടില്ല. അഭിനവ ഗുപ്താചാര്യന്റെ വ്യാഖ്യാനമനുസരിച്ച് ആദ്യത്തെ അദ്ധ്യായം വിഷാദയോഗവുമല്ല. വിഷീദൻ എന്ന പദത്തിന് പകരം സീദമാനഃ എന്നാണ് കാശ്മീരപാഠത്തിലുള്ളത് എന്നതും ശ്രദ്ധേയമാണ്. തളർച്ചയാണ് അർജ്ജുനന് ഉണ്ടായത്. പേടികൊണ്ടുള്ള തളർച്ചയല്ല. കാരുണ്യാത്താലുണ്ടായതാണ് അത്. ബന്ധുക്കളോടുള്ള കാരുണ്യം അദ്ദേഹത്തിൽ തളർച്ചയുണ്ടാക്കി.

(തുടരും)

---

# കാശ്മീര ശൈവസമ്പ്രദായം (3)

## [പരമാദ്വയവാദം] : ഒരാമുഖം

ഡോ. അജിതൻ പി.ഐ.

(കഴിഞ്ഞ ലക്കം തുടർച്ച)

ശാസ്ത്രഗ്രന്ഥങ്ങളിൽ ശിവൻ മുതൽ ശുദ്ധവിദ്യവരെയുള്ള തത്ത്വങ്ങളെ സാങ്കേതികമായി മറ്റൊരു തരത്തിലും പറഞ്ഞു കാണുന്നുണ്ട്. അവ ഇപ്രകാരമാണ്.

ശിവൻ = അഹം (ഞാൻ)

ശക്തി = ഇദം (ഇത്)

ഇവ രണ്ടും യഥാർത്ഥത്തിൽ എപ്പോഴും ഒരുമിച്ചുള്ളതാണ്. ഒരുമിച്ചിരിക്കുമ്പോൾ 'അഹമിദം' എന്ന അവസ്ഥ സംജാതമാകുന്നു. ഇതിൽ 'അഹ'ത്തിനാണോ 'ഇദ'ത്തിനാണോ ഊന്നൽ വരുന്നത് എന്നതിനനുസരിച്ചാണ് സദാശിവൻ മുതൽ ശുദ്ധവിദ്യവരെയുള്ള തത്ത്വങ്ങളെ വ്യാഖ്യാനിക്കുന്നത്.

സദാശിവൻ = അഹമിദം

ഈശ്വരൻ = ഇദമഹം

ശുദ്ധവിദ്യ = അഹമിദം-ഇദമഹം

## മായാ

'മാ' എന്ന ധാതുവിൽനിന്നുണ്ടാകുന്ന ശബ്ദമാണ് മായാ. മാ എന്ന ധാതുവിന് അളക്കുക എന്നർത്ഥം. ഭേദബുദ്ധി, അതായത് ഞാനും (ശിവൻ) ഞാൻ അറിയുന്ന വസ്തുവും പരസ്പരം ഭിന്നമാണെന്നുള്ള അറിവുണ്ടാക്കുന്നത് മായയാണ്.[5] കാശ്മീരശൈവ സിദ്ധാന്തമനുസരിച്ച് മായ ശിവന്റെ സ്വാതന്ത്ര്യശക്തിയാണ്.[6]

വേദാന്തികളുടെ മായയിൽനിന്നും വളരെ വ്യത്യസ്തമാണ് പരമാദ്വയവാദത്തിലെ മായ. വേദാന്തികൾക്ക് മായ ഉള്ളതിൽനിന്നും ഇല്ലാത്തതിൽനിന്നും വ്യത്യസ്തമായ മറ്റെന്തോ ആണ് (സദസദ്വിലക്ഷണം, അനിർവ്വചനീയം). മാത്രവുമല്ല ബ്രഹ്മത്തിൽനിന്ന് ഭിന്നവുമാണ്. എന്നാൽ പരമാദ്വയവാദത്തിൽ മായ ഈശ്വരന്റെ തന്നെ ശക്തിയാണ്,[7] ഉള്ളതുമാണ്.

ഈ മായയിൽനിന്നുമാണ് കലാ തുടങ്ങിയ പഞ്ചകഞ്ചുകങ്ങൾ ഉടലെടുക്കുന്നത്.

## പഞ്ചകഞ്ചുകങ്ങൾ

1. **കലാ:** ശിവന്റെ സർവ്വകർത്തൃത്വസ്വഭാവത്തെ (എന്തും ചെയ്യാൻ പോന്ന സ്വഭാവത്തെ) ചുരുക്കി കിഞ്ചിത് കർത്തൃത്വസ്വഭാവമുള്ളതാക്കി തീർക്കുന്നതാണ് കലാ.[8] അതായത് എന്തും ചെയ്യാൻ കെല്പുള്ള ശിവനെ പരിമിതമായ കാര്യങ്ങൾ മാത്രം ചെയ്യാൻ പോന്നവനാക്കി തീർക്കുന്ന കഞ്ചുകമാണ് കലാ. ഈ കലയിൽനിന്നുമാണ് വിദ്യാ തുടങ്ങി നിയതി വരെയുള്ള കഞ്ചുകങ്ങൾ ഉണ്ടാവുന്നത്.

2. **വിദ്യാ:** ശിവന്റെ സർവ്വജ്ഞത്വ ഗുണത്തെ ചുരുക്കി പരിമിതമായ

---

5. മായാ ഹി ചിന്മയാദ്ഭേദം ശിവാദ്വിദധതീ പശോഃ
(തന്ത്രാലോകം 9.175)
6. മായാ നാമ തസ്യ ഉത്കൃഷ്ടം സ്വാതന്ത്ര്യം
(മഹാർത്ഥമഞ്ജരീ പരിമളം)
7. യന്നാമ മായാ ദേവസ്യാവ്യഭിചാരിണീ ശക്തിഃ
(തന്ത്രാലോക വിവേകം 9.153)
8. മായാ തത്വാത് കലാ ജാതാ കിഞ്ചിത്കർത്തൃത്വലക്ഷണാ
(തന്ത്രാലോകം 9.174)

കാര്യങ്ങൾമാത്രം അറിയുന്നതിന് കാരണമാകുന്ന കഞ്ചുകമാണ് വിദ്യാ. അതായത്, എല്ലാം അറിയുന്ന ശിവനെ ചുരുക്കം ചില കാര്യങ്ങൾ മാത്രം അറിയുന്നവനാക്കിത്തീർക്കുന്ന കഞ്ചുകമാണ് വിദ്യാ.

3. രാഗം: ശിവന്റെ പൂർണ്ണത്വ സ്വഭാവത്തെ ചുരുക്കി ഏതെങ്കിലുമൊരു വസ്തുവിനോടു മാത്രമായി അഭിനിവേശം തോന്നിപ്പിക്കുവാൻ കാരണമാകുന്ന കഞ്ചുകമാണ് രാഗം. രാഗം എന്ന വാക്കിന് അനുരാഗം, ആസക്തി, അഭിരതി എന്നൊക്കെ അർത്ഥങ്ങൾ.

4. കാലം: ശിവന്റെ നിത്യത്വം എന്ന സ്വഭാവത്തെ ചുരുക്കി സമയം, ദേശം, കാലം തുടങ്ങിയവയിലേക്ക് പരിമിതപ്പെടുത്തുന്ന കഞ്ചുകമാണ് കാലം. കാലദേശാതീതമായ ഒന്നിനെ കാലദേശനിബദ്ധമാക്കി തീർക്കുക എന്നതാണ് ഈ കഞ്ചുകത്തിന്റെ പ്രവൃത്തി.

5. നിയതി: കാര്യകാരണഭാവരൂപമാണ് നിയതി. അതായത് ഇന്ന കാരണത്തിൽനിന്ന് ഈ കാര്യമേ (ഫലം) ഉണ്ടാകൂ എന്ന കാര്യകാരണബന്ധമാണ് നിയതിയുടെ സ്വരൂപം.[9] ഇവിടെ സർവ്വതന്ത്രസ്വതന്ത്രനായ ശിവനെ ഒരു പ്രത്യേക പ്രവൃത്തിയിലേക്കും അതിന്റെ ഫലത്തിലേക്കും മാത്രമായി ചുരുക്കുന്ന കഞ്ചുകമാണ് നിയതി.

## പുരുഷൻ

പരമാദ്വയവാദത്തിൽ മായയാലും പഞ്ച കഞ്ചുകങ്ങളാലും പരിമിതനാക്കപ്പെട്ടവനാണ് പുരുഷൻ. ശിവനും, പുരുഷനും തമ്മിലുള്ള വ്യത്യാസം ശിവൻ പൂർണ്ണനാണ്, കഞ്ചുകങ്ങളാൽ പരിമിതനാക്കപ്പെട്ടവനല്ല. എന്നാൽ പുരുഷനാകട്ടെ കഞ്ചുകങ്ങളാൽ പരിമിതനാക്കപ്പെട്ടവനും തന്റെ പൂർണ്ണത്വസ്വരൂപം നഷ്ടപ്പെട്ടുവഴി അണുവായിത്തീർന്നവനുമാണ്.[10] പുരുഷന്റെതന്നെ മറ്റു പേരുകളാണ് ജീവൻ, ക്ഷേത്രജ്ഞൻ, അ

9. അസ്മാദേവ കാരണാത് ഈമേവ കാര്യം ഭവതി
നിയതിർ യോജയത്യേനം സ്വകേ കർമ്മണി പുഷ്കലം
(തന്ത്രാലോകം 9.202)
നിയതേശ്ച കാര്യകാരണയോർനിയമനം രൂപം
(തന്ത്രാലോക വിവേകം 9.203)

10. ഈമേവ ച പഞ്ചവിംശം പുംസ്ത്വമിത്യുച്യതേ, യത് ശ്രീപൂർവ്വശാസ്ത്രേഷു പുമാനിതി, അണുരിതി, പുദ്ഗലമിതി ചോക്തം (തന്ത്രാലോകവിവേകം)

ണം, പശു, പുദ്ഗലൻ തുടങ്ങിയവ.

## പ്രകൃതി

പുരുഷൻ ഭോക്താവും പ്രകൃതി ഭോഗ്യവുമാണ്. അതുപോലെതന്നെ അറിയുന്നവൻ/ഭോക്താവ് പുരുഷനും അറിയപ്പെടുന്നത്/ഭോഗ്യം പ്രകൃതിയുമാണ്. അവ്യക്തം, പ്രധാനം, മൂലപ്രകൃതി തുടങ്ങിയവയൊക്കെയാണ് പ്രകൃതിയുടെ നാമാന്തരങ്ങൾ. സാംഖ്യമതമനുസരിച്ച് പുരുഷന്മാർ അനേകവും പ്രകൃതി ഏകവുമാണ്. എന്നാലീദർശനത്തിൽ ഓരോ പുരുഷനും ഓരോ പ്രകൃതിയുണ്ട്.[11] അതുകൊണ്ടുതന്നെ പ്രകൃതിയും അനേകമാണ്.[12]

പ്രകൃതിയുടെ ഉത്ഭവം കലയിൽനിന്നാണ്. ദ്വൈത മതാനുസാരിയായ ശൈവസിദ്ധാന്തമനുസരിച്ചാവട്ടെ, പ്രകൃതിയുടെ ഉത്ഭവസ്ഥാനം മായയാണ്.[13]

ത്രിഗുണാത്മികയാണ് പ്രകൃതി. സത്വം, രജസ്, തമസ് എന്നിവയാണ് ത്രിഗുണങ്ങൾ. ഗുണസാമ്യമാണ് പ്രകൃതി. അതായത് ഈ മൂന്നു ഗുണങ്ങളും ഒരുപോലെ വരുന്ന അവസ്ഥാവിശേഷമാണ് പ്രകൃതി.

## ബുദ്ധി

ബുദ്ധിയുടെ സ്വഭാവം നിശ്ചയിക്കുക, തീർച്ചപ്പെടുത്തുക, ഉറപ്പിക്കുക എന്നതാണ്. ബുദ്ധി പ്രവർത്തിക്കുന്നതുവഴിയാണ് വസ്തുക്കളെക്കുറിച്ച് ഉറച്ച ജ്ഞാനം ഉണ്ടാവുന്നത്. 8 ധർമ്മങ്ങളുള്ളതാണ് ഇത്. അവ ധർമ്മം, ജ്ഞാനം, വൈരാഗ്യം, ഐശ്വരം, അധർമ്മം, അജ്ഞാനം, അവൈരാഗ്യം, അനൈശ്വര്യം എന്നിവയാണ്.

## അഹങ്കാരം

ആത്മാഭിമാനത്തിന് ഹേതുവാണ് അഹങ്കാരം. ഇത് എന്റേതാണ്, എന്റേതല്ല തുടങ്ങിയ മമതയ്ക്ക് കാരണം അഹങ്കാരമാണ്. ബുദ്ധിയിൽനിന്നുമാണ് അഹങ്കാരം ഉടലെടുക്കുന്നത്.

---

11. തച്ച ഭിന്നം പ്രതിപുംനിയതത്വാദനേകമിതി യാവത്
(തന്ത്രാലോകവിവേകം)
12. തച്ച ബ്രഹ്മാണ്ഡവദസംഖ്യം (തന്ത്രാലോകം)
13. മായാതോ അവ്യക്തകലയോരിതി രൗരവസംഗ്രഹേ
ശ്രീപൂർവ്വേ തു കലാതത്ത്വാദവ്യക്തമിതി കഥ്യതേ
(തന്ത്രാലോകം 9.40)

## മനസ്സ്

സങ്കല്പവികല്പങ്ങളെ ഉണ്ടാക്കുന്നതാണ് മനസ്സ്. ഇത് അഹങ്കാരത്തിന്റെ ഉത്പന്നമാണ്. സ്വച്ഛന്ദതന്ത്രമനുസരിച്ച് മനസ്സുതന്നെയാണ് സങ്കല്പം.[14] മനസ്സിന്റെ ഒരു പ്രത്യേകത മനസ്സ് ഉഭയേന്ദ്രിയമാണെന്നുള്ളതാണ്. അതായത് മനസ്സ് ഒരേസമയം ജ്ഞാനേന്ദ്രിയവും കർമ്മേന്ദ്രിയവുമാണ്.

## ജ്ഞാനേന്ദ്രിയങ്ങൾ

പേരു സൂചിപ്പിക്കുന്നതുപോലെതന്നെ ജ്ഞാനത്തിന് ഉപാധിയായി പ്രവർത്തിക്കുന്ന ഇന്ദ്രിയങ്ങളാണ് ജ്ഞാനേന്ദ്രിയങ്ങൾ. ഈ ഇന്ദ്രിയങ്ങൾ വഴിയാണ് നമ്മൾ ബാഹ്യലോകത്തെ മനസ്സിലാക്കുന്നതും ഉൾക്കൊള്ളുന്നതും. ജ്ഞാനേന്ദ്രിയങ്ങൾ ഇവയാണ്.

1. ശ്രോത്രം - ശ്രവണേന്ദ്രിയം, ചെവി
2. ത്വക് - സ്പർശനേന്ദ്രിയം, ചർമ്മം
3. ചക്ഷുസ്സ് - ദർശനേന്ദ്രിയം, കണ്ണ്
4. രസനാ - രസനേന്ദ്രിയം, നാക്ക്
5. ഘ്രാണം - ഘ്രാണേന്ദ്രിയം, മൂക്ക്

ഇവ അഞ്ചും അഹങ്കാരത്തിന്റെ ഉത്പന്നങ്ങളാണ്.

## കർമ്മേന്ദ്രിയങ്ങൾ

നമ്മുടെ പ്രവൃത്തിക്ക് ഉപാധിയായ ഇന്ദ്രിയങ്ങളാണ് കർമ്മേന്ദ്രിയങ്ങൾ. അവ യഥാക്രമം

1. വാക് - വാഗിന്ദ്രിയം
2. പാണി - ഹസ്തം, കയ്യ്
3. പാദം - കാല്
4. പായു - ഗുദം
5. ഉപസ്ഥം - ലിംഗം

ഇവയും അഹങ്കാരത്തിന്റെ ഉത്പന്നങ്ങളാണ്.

## പഞ്ചതന്മാത്രകൾ

സൂക്ഷ്മരൂപത്തിലുള്ളവയാണ് തന്മാത്രകൾ. അവ യഥാക്രമം:

---

14. മനഃ സങ്കല്പ ഉച്യതേ

1. ശബ്ദം, 2. സ്പർശം, 3. രൂപം, 4. രസം, 5. ഗന്ധം

ഇവയും അഹങ്കാരത്തിന്റെ ഉത്പന്നങ്ങളാണ്.

## പഞ്ചഭൂതങ്ങൾ

പഞ്ചതന്മാത്രകൾ സൂക്ഷ്മരൂപങ്ങളാണെങ്കിൽ അവയിൽനിന്നുണ്ടാകുന്ന സ്ഥൂലരൂപങ്ങളാണ് പഞ്ചഭൂതങ്ങൾ അഥവാ പഞ്ചമഹാഭൂതങ്ങൾ. അവ യഥാക്രമം

## സ്ഥൂലം സൂക്ഷ്മം

1. ആകാശം - ശബ്ദതന്മാത്ര
2. വായു - സ്പർശതന്മാത്ര
3. തേജസ്സ് - രൂപതന്മാത്ര
4. ജലം - രസതന്മാത്ര
5. പൃഥിവി - ഗന്ധതന്മാത്ര

ഇവയാണ് ശൈവസമ്പ്രദായമനുസരിച്ചുള്ള 36 തത്ത്വങ്ങൾ. പ്രപഞ്ചമെന്നത് ഈ 36 തത്ത്വങ്ങളാണ്.

ഈ 36 തത്ത്വങ്ങളെ ചുരുക്കി 5 'കല'കളിലായി ഉൾപ്പെടുത്തിയതായി ശൈവഗ്രന്ഥങ്ങളിലൂടെ അല്ലെങ്കിൽ ശൈവപൂജാസമ്പ്രാദയത്തിലൂടെ കടന്നുപോകുമ്പോൾ കാണാൻ സാധിക്കും. അവ എങ്ങനെയെന്നാൽ

1. ശാന്ത്യതീത/ശാന്താതീത കലാ - ശിവൻ, ശക്തി
2. ശാന്തി/ശാന്താ കലാ - സദാശിവൻ, ഈശ്വരൻ, ശുദ്ധവിദ്യാ
3. വിദ്യാകലാ - മായാ, കലാ, വിദ്യാ, രാഗം, കാലം, നിയതി, പുരുഷൻ
4. പ്രതിഷ്ഠാകലാ - പ്രകൃതി, ബുദ്ധി, അഹങ്കാരം, മനസ്സ്, ശ്രോത്രം, ത്വക്, ചക്ഷുസ്സ്, രസനാ, ഘ്രാണം, വാക്, പാണി, പാദം പായു, ഉപസ്ഥം, ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം, ആകാശം, വായു, തേജസ്സ്, ജലം.
5. നിവൃത്തികലാ - പൃഥിവീ

പൂജയിലാണ് ഈ കലകൾ കൂടുതലായും ഉപയോഗിച്ചു കാണാൻ സാധിക്കുക.

തത്ത്വങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ സ്വാഭാവികമായി ഉയർന്നുവരുന്ന ചോദ്യം ഇവ എങ്ങനെ ഉണ്ടായി എന്നാണ്. ഇതിനെക്കുറിച്ച് ര

ണ്ടു രീതിയിലാണ് ശൈവഗ്രന്ഥങ്ങളിൽ പരാമർശിച്ചു കാണുന്നത്. അവ 1. കാര്യകാരണഭാവം, 2. വ്യാപ്യവ്യാപകഭാവം എന്നിങ്ങനെയാണ്.

## 1. കാര്യകാരണഭാവം

36 തത്ത്വങ്ങളിൽ മുകളിൽ മുകളിൽ വരുന്ന തത്ത്വങ്ങൾ തുടർന്നു വരുന്ന തത്ത്വങ്ങൾക്ക് കാരണമാണ്. തുടർന്നു വരുന്ന തത്ത്വങ്ങൾ കാര്യവും. ഉദാഹരണത്തിന് കലയെ സംബന്ധിച്ച് മായ കാരണം. കലയാകട്ടെ മായയുടെ കാര്യവും. ഇപ്രകാരം ശിവനാണ് എല്ലാ തത്ത്വങ്ങൾക്കും കാരണഭൂതനായി നിലകൊള്ളുന്നത്. ശക്തി തുടങ്ങി ജലം വരെയുള്ള തത്ത്വങ്ങൾ ഒരേസമയം കാരണവും കാര്യവുമാണ്. ഇതിനെ സാംഖ്യന്മാർ പ്രകൃതിവികൃതി എന്നു പറയുന്നു. അവരെ സംബന്ധിച്ച് കാരണം പ്രകൃതിയും കാര്യം വികൃതിയും. രണ്ടുംകൂടിയത് പ്രകൃതിവികൃതികൾ. ഇതിൽ അവസാനത്തെ തത്ത്വമായ പൃഥിവി കാര്യം മാത്രമാണ്. പൃഥിവിയിൽനിന്നും വീണ്ടുമൊരു തത്ത്വം ഉണ്ടാവാത്തതിനാൽ പൃഥിവി കാരണമാകുന്നില്ല.

## വ്യാപ്യാവ്യാപകഭാവം

ഇതനുസരിച്ച് കാര്യകാരണഭാവമല്ല തത്ത്വങ്ങളുടെ ഉത്പത്തിക്ക് പിറകിൽ. മാത്രവുമല്ല, കാര്യകാരണഭാവം കല്പിതമാണ്, യഥാർത്ഥത്തിലുള്ളതല്ല. തത്ത്വങ്ങൾ ശിവന്റെ പ്രഥനം അഥവാ പരക്കൽ, വികാസം മൂലമാണുണ്ടാകുന്നത്. ശിവൻ തന്നെയാണ് എല്ലാ തത്ത്വങ്ങളുമായിത്തീരുന്നത്. എല്ലാ തത്ത്വങ്ങളിലും ഒരുപോലെ ശിവൻ വ്യാപിച്ചിരിക്കുന്നു. അപ്പോൾ ശിവൻ വ്യാപകവും തത്ത്വങ്ങൾ വ്യാപ്യവുമാണ്. ശിവൻ സ്വേച്ഛയാ സ്വാതന്ത്ര്യശക്തി നിമിത്തം പലതായി പല തത്ത്വങ്ങളായിത്തീരുന്നു. വേറൊരു തരത്തിൽ തത്ത്വങ്ങളിൽ മുകളിൽ വരുന്നവ വ്യാപകവും പിന്നീട് വരുന്നവ വ്യാപ്യവുമാണ്.[15] പൃഥിവീതത്ത്വത്തിൽ ബാക്കിയുള്ള 35 തത്ത്വങ്ങളും വ്യാപിച്ച് കിടക്കുന്നു.

ഈ ശാസ്ത്രത്തിൽ പ്രവേശിക്കാൻ സാമാന്യമായി 36 തത്ത്വങ്ങളെക്കുറിച്ച് ഇത്രയുമെങ്കിലുമറിയേണ്ടതുണ്ട്. എന്തെന്നാൽ പരമാദ്വയവാദത്തിലെ ഒട്ടുമിക്ക കാര്യങ്ങളും ഈ 36 തത്ത്വങ്ങളുടെ അടിസ്ഥാനത്തിലാണ് വിശദീകരിക്കുന്നത്.

---

15. അസ്മിംശ്ച തത്വകലാപേ ഊർദ്ധ്വോർദ്ധ്വഗുണം വ്യാപകം, നികൃഷ്ടഗുണം തു വ്യാപ്യം

*ഭൂതാനി തന്മാത്രഗണേന്ദ്രി*
*മൂലം പുമാൻ കഞ്ചുകയുക് സുശുദ്ധം*
*വിദ്യാദി ശക്ത്യന്തമിയാൻ സ്വസംവിത്-*
*സിന്ധോസ്തരംഗപ്രസരപ്രകാരഃ (തന്ത്രസാരം 8)*

അർത്ഥം പഞ്ചഭൂതങ്ങൾ, പഞ്ചതന്മാത്രകൾ, പഞ്ചകർമ്മ-ജ്ഞാനേന്ദ്രിയങ്ങൾ മനോഹങ്കാരബുദ്ധി പ്രകൃതിപുരുഷ ഷഡ്കഞ്ചുകങ്ങൾ ശുദ്ധവിദ്യാദി ശക്ത്യന്തമിത്രയും ബോധസമുദ്രത്തിന്റെ തിരമാലകളാണ്. ഈയൊരു തത്ത്വക്രമം ഉണ്ടാവുന്നത് ഈ തിരമാലകളുടെ വികാസം മൂലമാണ്.

(തുടരും)

---

ഔഷധസസ്യങ്ങൾ -21

# ഇഞ്ചിപ്പുല്ല്

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ 0480 2832108

തുടർച്ച

വാതരോഗത്തിനുള്ള ശമന ഔഷധമായാണ് ആയുർവേദം ഇഞ്ചിപ്പുല്ലിനെ പ്രയോജനപ്പെടുത്തുന്നത്. പോയേസി കുടുംബത്തിൽപ്പെട്ട ഇതിന്റെ ശാസ്ത്രീയനാമം സിമ്പോ പോഗൺ ഫ്ലെക്സ് വോസസ് എന്നാണ്. സംസ്കൃതത്തിൽ കർപ്പൂര തൃണം, സുഗന്ധതൃണം എന്നീ പേരുകളിൽ അറിയപ്പെടുന്നു.

സമൂലമായി ഔഷധാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. ശരീരഭാഗങ്ങളിൽ മാറിമാറി അനുഭവപ്പെടുന്ന വേദന അതിവേഗത്തിൽ ശമിപ്പിക്കുന്നു. കോളറ രോഗത്താലുണ്ടാകുന്ന ഛർദ്ദി, ആമാശയത്തിലെ വായുകോപം എന്നിവയ്ക്ക് ഇഞ്ചിപ്പുല്ല് നല്ലതാണ്. പനി ഇല്ലാതാക്കുന്നു. കൃമിനാശിനി കൂടിയായ ഈ ഔഷധച്ചെടി ശ്വാസകോശത്തെ ഉത്തേജിപ്പിക്കുകയും കഫനിവാരിണിയായി പ്രവർത്തിക്കുകയും ചെയ്യുന്നു.

വാതസംബന്ധമായ വേദനകൾക്ക് ഇഞ്ചിപ്പുല്ല് വാറ്റിയെടുത്ത തൈ

ലം പുരട്ടുകയും അല്പനേരത്തിനുശേഷം ഇഞ്ചിപ്പുല്ലിട്ട് വെന്ത ചെറുചൂടുള്ള കഷായത്തിൽ തുണിമുക്കി വേദനയുള്ള ഭാഗത്ത് തടവുകയും ചെയ്താൽ സുഖം കിട്ടും.

പുൽതൈലം ചേർത്തവെള്ളം നല്ലപോലെ ചൂടാക്കി ആവികൊള്ളുന്നത് ജലദോഷത്തിന് നല്ലതാണ്. പുൽതൈലംകൊണ്ട് പുറത്ത് നല്ലപോലെ തടവിയശേഷം മേല്പറഞ്ഞരീതിയിൽ ആവികൊള്ളിക്കുകയും ശ്വസിക്കുകയും ചെയ്താൽ കഫക്കെട്ടും ബ്രോങ്കയിറ്റിസ് മുതലായ അസുഖങ്ങളും ഭേദമാകും. ജാതിക്ക, ഗ്രാമ്പൂ തുടങ്ങിയവ ചേർത്തത് വെള്ളത്തിൽ വേവിച്ച്, അല്പം പുൽതൈലം ഒഴിച്ച് ദിവസത്തിൽ നാലോ അഞ്ചോ പ്രാവശ്യം സേവിക്കുന്നത് ഛർദ്ദി, അതിസാരം, വായുവിന്റെ ഉപദ്രവത്തിനും നല്ലതാണ്.

(തുടരും)

# കുട്ടികളുടെ വാല്മീകിരാമായണം  15

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും
മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിക്കുന്നു.)

(കഴിഞ്ഞലക്കം തുടർച്ച)

വാല്മീകിരാമായണം ധർമ്മനീതിക്കു നല്കുന്ന പ്രാധാന്യം 'ശാംഭവി' വായനക്കാരായ കൊച്ചുകൂട്ടുകാർ ഇതിനകം ശ്രദ്ധിച്ചു കാണുമല്ലോ? പുത്ര-കളത്രാദികൾക്കുവേണ്ടി എന്തു ദുഷ്കർമ്മവുമനുഷ്ഠിക്കാൻ മടിയില്ലാത്ത സമകാലിക സമൂഹത്തിൽ, പിതാവിന്റെ ആജ്ഞയനുസരിക്കാത്തവർക്ക് ലഭിക്കുന്ന മാതൃകാപരമായ ശിക്ഷ ധാർമ്മികതയുടെ പക്ഷത്തുനിന്നാണ് നോക്കിക്കാണേണ്ടത്. അസഹിഷ്ണുത ആധിപത്യം സ്ഥാപിക്കുമ്പോൾ, സത്യ-നീതിധർമ്മാദികൾക്ക് എവിടെയാണ് സ്ഥാനമെന്ന് ചിന്തിക്കുമല്ലോ. ജീവിതത്തെ പരീക്ഷണ-നിരീക്ഷണ ഘട്ടങ്ങളായാണ് വാല്മീകി വിലയിരുത്തുന്നത്. അപചയങ്ങളിൽനിന്ന് പാഠം ഉൾക്കൊണ്ട് കൂടുതൽ ഊർജ്ജസ്വലരായി ഔന്നത്യത്തിന്റെ പടവുകൾ കീഴടക്കണമെന്ന് മ

ഹാമുനി മാനവരാശിയെ ഉദ്ബോധിപ്പിക്കുന്നു. ഇതിന് തപസ്സ് എന്ന ആശയം മനസ്സിനെ പാകപ്പെടുത്താനായി അദ്ദേഹം പ്രയോനപ്പെടുത്തുന്നു. ഇതിഹാസങ്ങളിൽ ഉടനീളം ഉചിതശോഭയോടെ പരിലസിക്കുന്ന തപസ്സ് എന്ന ഈ പ്രതിഭാസം. പരിണാമങ്ങളിലൂടെ മഹത്വങ്ങളുടെ പടവുകൾ പലതും കീഴടക്കിയിട്ടും, മാനുഷികചോദനകളിൽനിന്ന് പൂർണ്ണമായി മുക്തനാകാത്ത 'വിശ്വാമിത്രസൃഷ്ടി' വാല്മീകിയുടെ ഉചിതജ്ഞതയ്ക്ക് ഉദാഹരണമാണ്. പ്രലോഭനങ്ങളിലും പ്രകോപനങ്ങളിലും വീണുപോകാതെ ജിതേന്ദ്രിയനായി മനസ്സിനെ പാകപ്പെടുത്തിയാൽ, അവസാനം മനുഷ്യനന്മയിലേയ്ക്ക് മാത്രം ശ്രദ്ധകേന്ദ്രീകരിക്കുമെന്ന് വിശ്വാമിത്രൻ വിശ്വത്തോട് വിളിച്ചു പറയുന്നു.

ധർമ്മസംസ്ഥാപനാർത്ഥം പിറവിയെടുത്ത രാമലക്ഷ്മണന്മാർ യാഗരക്ഷചെയ്ത് രാക്ഷസനിഗ്രഹം നിർവ്വഹിച്ചു. അതിൽ അതീവ സന്തുഷ്ടനായ വിശ്വാമിത്രമഹർഷി അവരെ ജനകരാജധാനിയിലേക്ക് കൂട്ടിക്കൊണ്ടുപോകുന്ന രാമായണത്തിലെ സുപ്രധാന ഘട്ടമാണ് അടുത്തതായി നമ്മൾ കാണാൻ പോകുന്നത്. പ്രജാപരിലാനത്തിലും തപസ്സിലും സന്തുഷ്ടനായ ശിവൻ തലമുറകൾക്ക് മുമ്പേ, ജനകമഹാരാജാവിന് നല്കിയ ശ്രേഷ്ഠവും അത്യുഗ്രവുമായ ഒരു വില്ല് ജനകരാജധാനിയിൽ ഉണ്ടായിരുന്നു. അപൂർവ്വവും അത്ഭുതകരവുമായ അതിന്റെ അപദാനങ്ങൾ ലോകമെങ്ങും അലയടിച്ചിരുന്നു. അങ്ങനെയിരിക്കെ, ശിവഭക്തനായ മഹാരാജാവിന് ഉഴവുചാലിൽനിന്ന് ഒരു പെട്ടി ലഭിച്ചു. തുറന്നുനോക്കിയപ്പോൾ സകലരേയും അത്ഭുതപ്പെടുത്തി ഒരു പിഞ്ചുകുഞ്ഞ് പുറത്തുവന്നു. ആ കുഞ്ഞാണ് 'ഭൂമിപുത്രി' എന്ന വിശേഷണത്തോടെ അറിയപ്പെട്ട വാല്മീകിയുടെ വിഖ്യാത കഥാപാത്രം സീതാദേവി. സ്വഭാവ-സൗന്ദര്യ സവിശേഷതകൾ കൊണ്ടു നന്നേ ചെറുപ്പത്തിൽത്തന്നെ ആ പെൺകുട്ടി സകലരുടേയും മനസ്സിൽ ഇടംനേടി. വിവാഹപ്രായമെത്തിയപ്പോൾ സീതയെ സ്വന്തമാക്കാൻ മഹാരാജാക്കന്മാർ തമ്മിൽ മത്സരമായി. എന്നാൽ, ശിവചൈതന്യം നിറഞ്ഞുനില്ക്കുന്ന ഈ വില്ലുകുലയ്ക്കുന്ന വില്ലാളിയ്ക്കുമാത്രമേ മകളെ നല്കുകയുള്ളുവെന്ന ജനകന്റെ തീരുമാനം മഹാരാജാക്കന്മാരെ ഈ സാഹസത്തിൽനിന്ന് പിൻതിരിപ്പിച്ചു. അത്യുഗ്രമായ ആ ശൈവചാപത്തോട് തന്റെ ചാപല്യങ്ങൾ ചെലവാകയില്ലെന്ന് അവരോരുത്തർക്കുമറിയാമായിരുന്നു. വിശ്വവിജയിയാകാൻ പിറവിയെടുത്ത ശ്രീരാമനുമാത്രമേ ആ വില്ല് കുലയ്ക്കാനാവുകയുള്ളുവെന്ന വാസ്തവം മഹാമുനിയ്ക്കറിയാമായിരുന്നു.

ആ ഉദ്ദേശത്തോടെതന്നെയാണ് വിശ്രുതനായ വിശ്വാമിത്രൻ, ശ്രീരാമ-ലക്ഷ്മണന്മാരെ ജനകരാജധാനിയിൽ പ്രവേശിപ്പിച്ചത്.

(തുടരും)

---

# ലളിതാസഹസ്രനാമം (25)

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞലക്കം തുടർച്ച)

*ബിസതന്തുതനീയസീ* - താമരവളയത്തിന്റെ നൂലുപോലെ വളരെ മെലിഞ്ഞിരിക്കുന്നവൾ. താമരവളയത്തിന്റെ നൂൽ വളരെ നേർത്തതാണ്. അതുപോലെ അതിസൂക്ഷ്മമായിരിക്കുന്നവളാണ് ലളിതാപരമേശ്വരി. അതിസൂക്ഷ്മമായി ധ്യാനിക്കുവാനാണ് ഇതുകൊണ്ട് നിർദ്ദേശിക്കുന്നത്. മിന്നൽ പിണർസദൃശയായ ദേവിയെ കണ്ടാലുടൻ ദേവി ഷഡ്ചക്രങ്ങൾക്കും മുകളിലായി ഉപസ്ഥിതയാകും. ആ സമയം നട്ടെല്ലിന്റെ അകത്തുള്ള സൂക്ഷ്മശരീരത്തിൽ താമരനൂലുപോലെ ദേവി ചുവന്നാണിരിക്കുക.

ഈ സഹസ്രനാമത്തിൽ സ്ഥൂലാവസ്ഥയിൽനിന്ന് സൂക്ഷ്മതമമായ സ്വരൂപത്തിൽ ദേവിയെ ധ്യാനിക്കുവാൻ നിർദ്ദേശിക്കുന്നു. അതാണ് ആദ്യം കരചരണാദ്യവയവങ്ങളോടുകൂടിയ സുന്ദരിയായി ദേവിയെ വർണ്ണിച്ചു. പിന്നീട് 'ശ്രീമദ്വാഗ്ഭവകൂടൈകസ്വരൂപമുഖപങ്കജാ', 'ശക്തികൂടൈകതാപന്നകട്യധോഭാഗധാരിണീ' എന്നീ മന്ത്രങ്ങളിലടങ്ങിയിരിക്കുന്ന സൂക്ഷ്മാവസ്ഥയിൽ മന്ത്രസ്വരൂപിണിയായ ദേവിയെ ദർശിച്ചു. പിന്നീട് മൂലമന്ത്രാത്മികാ, മൂലകൂടത്രയകളേബരി എന്നീ നാമങ്ങളിൽ അതിസൂക്ഷ്മമായ ദേവിയേയും ദർശിച്ചു. അതിനുശേഷം 'തടില്ലതാസമരുചിഃ', 'ഷഡ്ചക്രോപരിസംസ്ഥിതാ', 'മഹാസക്തിഃ', 'കുണ്ഡലിനീ', 'ബിസതന്തുതനീയസീ' എന്നീ നാമങ്ങളിൽ സൂക്ഷ്മതമമായ ദേവിയെയും നമ്മൾ കണ്ടു. ഇതിൽ ഏതു ഭാവമാണോ നമുക്ക് സ്വീകാര്യമായിട്ടുള്ള ആ രീതിയിൽ ധ്യാനിയ്ക്കാം. എങ്ങനെ ധ്യാനിച്ചാലും അത് ഒരേ ദേവിതന്നെയാണ്.

*41. ഭവാനീ ഭാവനാഗമ്യാ ഭവാരണ്യകുഠാരികാ*
*ഭദ്രപ്രിയാ ഭദ്രമൂർത്തിഃ ഭക്തസൗഭാഗ്യദായിനീ*

*ഭവാനീ* = ഭവന്റെ ഭാര്യ.

ഭവൻ എന്നു വിളിയ്ക്കപ്പെടുന്ന ശിവന്റെ ഭാര്യയാണ് ഭവാനീ. അതും ലളിതാപരമേശ്വരിതന്നെ. ശിവൻ എട്ടു രൂപങ്ങളിൽ പ്രസിദ്ധനാണ്. പൃഥിവീ, ആപഃ, തേജഃ, വായുഃ, ആകാശം എന്നീ പഞ്ചഭൂതങ്ങളുടെ രൂപങ്ങളിലും സൂര്യചന്ദ്രന്മാരുടെ രൂപങ്ങളിലും പിന്നെ Subject ആയ ഞാൻ എന്ന രൂപത്തിലും ശിവൻ വിളങ്ങുന്നു. അപ്പോൾ ഈ പ്രപഞ്ചമായിത്തീർന്നു. അങ്ങനെ അഷ്ടമൂർത്തി എന്ന പേര് ശിവന് വന്നുചേർന്നു. അതുകൊണ്ട് ജലം എന്ന പഞ്ചഭൂതവും ശിവനാണ്. ജലസ്വരൂപിയായ ശിവനെ ഭവനെന്ന് വിളിക്കുന്നു. ഈ ഭവന്റെ ഭാര്യയാണ് ഭവാനീ. ഈ ഭവാനി ലളിതാപരമേശ്വരിയാണ്. ഭവ ശബ്ദത്തിന് ജലമെന്നർത്ഥമുണ്ട്. ജലത്തിന് ജീവൻ കൊടുക്കുന്നവൾ എന്നർത്ഥവുമുണ്ട് ഭവാനിയ്ക്ക്. ഭവാനീ എന്ന നാമത്തിന് മറ്റൊരു മഹിമ കൂടിയുണ്ടെന്നത് സൗന്ദര്യലഹരിയിൽ പറയുന്നുണ്ട്. അതിവിടെ സ്മരണീയമാണ്. ഭവാനി! നീ എന്നിൽ കരുണാകടാക്ഷം പൊഴിക്കണേ എന്ന് പ്രാർത്ഥിയ്ക്കുന്നതിന് 'ഭവാനി ത്വം' എന്നു പറയുമ്പോൾതന്നെ ദേവി മോക്ഷം ആ ഭക്തന് നല്കും. ഭവാനി ത്വം എന്നതിന് ഞാൻ നീയായിതീരണേ! എന്നർത്ഥമുള്ളതിനാൽ ഭവാനി അപ്പോൾത്തന്നെ മോക്ഷം നല്കും. അത്രയും കരുണയുള്ളവളാണെന്ന് സാരം.

*ഭാവനാഗമ്യാ* = ഭാവനകൊണ്ട് അഗമ്യയായവൾ; ഭാവനകൊണ്ട് ഗമ്യയായവൾ എന്നിങ്ങനെ രണ്ടർത്ഥങ്ങളുണ്ട്.

ഭാവനയ്ക്ക് വെറും വിചാരം അഥവാ Imagination എന്നും കാണുക അഥവാ Creative Visualization എന്നും അർത്ഥം പറയാം. വെറുതെ വിചാരത്തിലൂടെ മാത്രം സാക്ഷാത്ക്കരിക്കാൻ പറ്റുന്ന ദേവിയല്ല. കാണുന്നതിലൂടെ (Creative Visualization) ഗമ്യയായവളാണ് ദേവി. കാണുക എന്നാൽ ധ്യാനം തന്നെ. കാണാൻ സഹായിക്കുന്നത് എന്തോ അത് ധ്യാനമാണ്. മന്ത്രജപത്തിനുമുമ്പ് ആ മന്ത്രദേവതയുടെ ധ്യാനപ്രകാരം ദേവതയെ കാണുവാൻ ശ്രമിക്കണം. ധ്യാനശ്ലോകം വെറുതെ ചൊല്ലിയാൽ മാത്രം പോരാ. നമ്മുടെ ഉപബോധമനസ്സിൽ ഉറങ്ങി കിടക്കുന്ന ദേവിയെ ധ്യാനോക്തപ്രകാരം കാണുകയും ആ ദേവിയെ വിളിച്ചുണർത്തുകയും ദേവീസാക്ഷാത്ക്കാരത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നതായി മനസ്സിൽ കാണണം. ഈ ധ്യാനമെന്ന Creative Visualization-ലൂടെ അതായത്, ഭാവനയിലൂടെ ലളിതാപരമേശ്വരിയുടെ സാക്ഷാത്ക്കാരം സാധിക്കുന്നതിനാൽ ഭാവനാഗമ്യാ എന്ന പേര് അന്വർത്ഥമായി.

ശ്രീ ഉത്പലദേവാചാര്യൻ രചിച്ച

# ശിവസ്തോത്രാവലി (2)

(ക്ഷേമരാജ ഭാഷ്യസഹിതം)

മുരളീകൃഷ്ണൻ എം.വി.

ഗവേഷക വിദ്യാർത്ഥി, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി.

ശ്ലോകം 2

*ആത്മാ മമ ഭവദ്ഭക്തിസുധാപാനയുവാപി സൻ*
*ലോകയാത്രാരജോരാഗാത് പലിതൈരിവ ധൂസരഃ*

സാരം : എന്റെ ആത്മാവ് അങ്ങയോടുള്ള ഭക്തിയാകുന്ന അമൃത് പാനം ചെയ്യുകവഴി യുവാവാണെങ്കിലും ലോകയാത്രകൊണ്ടുണ്ടാകുന്ന പൊടി, മുടിയിൽ നരച്ചനിറമെന്നപോലെ പറ്റിയിരുന്ന് വൃദ്ധാവസ്ഥയെ പ്രാപിച്ചു. (എന്റെ ആത്മാവ് യുവാവാണ്. എങ്കിലും ലോകയാത്രയാൽ വൃദ്ധാവസ്ഥയെ പ്രാപിച്ചപോലെ തോന്നിപ്പിക്കുന്നു).

വ്യാഖ്യാനം : ഹേ മഹേശ്വര! - മമ ആത്മാ - ജീവോ - ഭവദ്ഭക്തിസുധാപാനേന യുവാ - സമുത്തേജിതസഹജൗജഃ പ്രകർഷോപി സൻ, ലോകയാത്രയൈവ രജസാ - ലോകവ്യവഹാര-ധൂള്യാ കൃതോ യോ രാഗഃ - ഉപരാഗസ്തതോ ഹേതോർയാനി പലിതാനി - ജരാപ്രകാരാസ്തൈഃ, ധൂസരഃ - വിഛായ ഇവ, ന തു വസ്തുവൃത്തേന, ഭക്തിസുധാപാനേന നിത്യതരുണീകൃതത്വാത് യഥാ ച തരുണസ്യ ധൂളിധൂസരതയാ സഞ്ജാതപലിതമിവ[5] ദൃശ്യമാനം നാന്തർമ്ലാനിം മനാഗപ്യാദധാതി, അപി തു വിനോദഹാസരസചമത്കാരമേവ പുഷ്ണാതി തഥാ ലോകവ്യവഹാരോ മമേതി രൂപകോപമയാ ധ്വനതി. പൂർവ്വശ്ലോകേ ആമന്ത്രണപദാഭാവാദ്ഭവദ്ഭക്തീതി ന സങ്ഗതമേവ, ഇതി കഥമിയം സ്തോത്രശയ്യാ? ഇതി വിശ്വാവർത ഏവ പ്രഷ്ടവ്യഃ, വയം തു സൂക്തവ്യാഖ്യാനോദ്യതാഃ.

പരിഭാഷ : അല്ലയോ മഹേശ്വര! എന്റെ ആത്മാവ് (ജീവൻ) അങ്ങിലുള്ള ഭക്തിയാകുന്ന അമൃത് പാനംചെയ്യുകവഴി ഉത്തേജിക്കപ്പെട്ടതും വർ

5. സഞ്ജാതമിവ പലിതം എന്ന് പാഠഭേദം

ധിച്ചതും സഹജമായതുമായ ഓജസ്സോടുകൂടിയ യുവാവായിരിക്കുന്നു. എങ്കിലും ലോകയാത്രകൊണ്ട് ഉണ്ടായ പൊടിയുടെ ചാരനിറത്താൽ വെളുത്തുപോയ തലമുടി, അതായത് മുടിയുടെ നിറം മങ്ങിയതുപോലെ തോന്നിപ്പിക്കുന്നു. എന്നാൽ വാസ്തവത്തിൽ അങ്ങനെയല്ല, എന്തുകൊണ്ടെന്നാൽ ഭക്തിയാകുന്ന അമൃത് പാനം ചെയ്യുകവഴി നിത്യതരുണനാണ്. എങ്കിലും ലോകയാത്രകൊണ്ട് ഒരുപാട് പൊടി അടിച്ച് മുടി കണ്ടാൽ നരച്ചതുപോലെ (വയസ്സനെപ്പോലെ) തോന്നുമെങ്കിലും, ഉള്ളിൽ അങ്ങനെയല്ല. ഉള്ളിൽ എപ്പോഴും യുവാവായിതന്നെയാണ്. പുറത്തുമാത്രമാണ് വയസ്സനെപ്പോലെ തോന്നിപ്പിക്കുന്നത്. നിത്യജീവിതത്തിൽ സാധാരണ ഇങ്ങനെ സംഭവിച്ചത് കാണുമ്പോൾ ചിരിയാണ് വരിക എന്നാണ് ഇവിടെ ധ്വനിപ്പിക്കുന്നത്.

(പൂർവ്വപക്ഷത്തിന്റെ സംശയം :) പൂർവ്വശ്ലോകത്തിൽ ആമന്ത്രണം എന്ന പദത്തിന്റെ അഭാവത്താൽ ഭവദ്ഭക്തി എന്നത് ഇവിടെ യോജിക്കുന്നില്ല. അങ്ങനെയുള്ള ഈ ശ്ലോകം എങ്ങനെ സ്തോത്രം ആകും? അത് വിശ്വാവർത്തനോടുതന്നെ ചോദിക്കണം. ഞാൻ (ക്ഷേമരാജൻ) ഇവിടെ സൂക്തങ്ങളുടെ വ്യാഖ്യാനം മാത്രമാണ് ചെയ്യുന്നത്.

ശ്ലോകം 3

*ലബ്ധത്വത്സംപദാം ഭക്തിമതാം ത്വത്പുരവാസിനാം*
*സഞ്ചാരോ ലോകമാർഗേപി സ്യാത്തയൈവ വിജൃംഭയാ.*

സാരം : അങ്ങയാകുന്ന സമ്പത്ത് ലഭിച്ച, അങ്ങയുടെ സ്വരൂപം നിറഞ്ഞിരിക്കുന്ന ഈ ലോകത്തിൽ വസിക്കുന്ന ഭക്തന്മാർക്ക് ലോകവ്യവഹാരത്തിലും അങ്ങയെപ്പോലെ തന്നെയുള്ള വികാസം ഉണ്ടാകട്ടെ.

വ്യാഖ്യാനം : യേ സമാവേശമയപ്രശസ്തഭക്തിയുക്താഃ, അത ഏവ ലബ്ധത്വത്സംപദഃ ത്വത്പുരേവിശ്വപൂരകേ ത്വത്സ്വരൂപേ വസന്തി, തച്ഛീലാഃ, തേഷാം ലോകമാർഗേ അപി യഃ സഞ്ചാരഃ - വ്യവഹാരഃ, സ തയൈവ - സമാവേശരസാനന്ദമയ്യാ, വിജൃംഭയാ - വികസ്വരതയാ, സ്യാത് - ഭവത്യേവ. അഥ ച യേ ലബ്ധലൗകികശ്രിയഃ ത്വദ്ഭക്താഃ ത്വന്മണ്ഡലവാസിനഃ തേ സർവ്വേ സ്പൃഹണീയത്വാത് സദാ വിഭ്രുതിമുദിതാഃ, ഇതി സമാസോക്ത്യാ ഗമയതി.

പരിഭാഷ : യാതൊരുവരാണോ സമാവേശമയമായ പ്രശസ്തമായ ഭക്തിയോടുകൂടിയവരും അതുകൊണ്ടുതന്നെ, ശിവാനുഗ്രഹം ലഭിച്ചവരും,

വിശ്വപൂരകമായ നിന്റെ സ്വരൂപത്തിൽ വസിക്കുന്നവരുമായ അങ്ങനെയുള്ളവർക്ക് ലോകത്തിലുള്ള വ്യവഹാരത്തിലും സമാവേശരസാനന്ദമയമായ ഭക്തിയാൽ വികാസം ഉണ്ടാകട്ടെ. അപ്രകാരം ലൗകികമായ ഐശ്വര്യത്തെ ലഭിച്ച അവിടുത്തെ ഭക്തന്മാർ, അങ്ങാകുന്ന ഈ വിശ്വത്തിൽ വസിക്കുന്നവർ, അവർ എല്ലാവരും സ്പൃഹണീയത്വം (അവരെപോലെ ആകുവാൻ ആഗ്രഹം ജനിപ്പിക്കാൻ കഴിവുള്ളവർ) ഉള്ളവരാണ്. അവർ എല്ലായ്പ്പോഴും ഐശ്വര്യപ്രദമായ ആനന്ദത്തോടുകൂടിയവരാണ് എന്ന് സമാസോക്തികൊണ്ട് സൂചിപ്പിക്കുന്നു.

ശ്ലോകം 4

*സാക്ഷാദ്ഭവന്മയേ നാഥ സർവ്വസ്മിൻ ഭുവനാന്തരേ*
*കിം ന ഭക്തിമതാം ക്ഷേത്രം മന്ത്രഃ ക്വൈഷാം ന സിദ്ധ്യതി.*

സാരം : അല്ലയോ സ്വാമിൻ! അങ്ങയുടെ പ്രത്യക്ഷ സ്വരൂപമായ ഈ സമസ്തപ്രപഞ്ചത്തിൽ ഭക്തജനങ്ങൾക്ക് ഏത് സ്ഥലമാണ് പുണ്യതീർത്ഥം അല്ലാത്തത്? അതുപോലെ എവിടെയാണ് മന്ത്രം സിദ്ധമാകാത്തത്?

വ്യാഖ്യാനം : ഭക്തിമതാം - വ്യാഖ്യാതരൂപഭക്തിശാലിനാം സർവ്വത്ര ഭുവനവിഷയേ കിം ന ക്ഷേത്രം - പരസിദ്ധിസമുദയസ്ഥാനം, ക്വ ച ഏഷാം മനനത്രാണധർമ്മോ മന്ത്രോ ന സിദ്ധ്യതി. യതഃ സാക്ഷാദിതി സമാവേശദൃഷ്ട്യാ ന കഥാമാത്രേണ ഭവന്മയമേവ സർവ്വം ഭുവനമേഷാം.

പരിഭാഷ : ഭക്തന്മാർക്ക് അതായത് മുമ്പ് വ്യാഖ്യാനിച്ച ഭക്തിശാലികൾക്ക് ഈ സർവ്വപ്രപഞ്ചത്തിൽ ഏതാണ് പുണ്യസ്ഥലം അല്ലാത്തത്? അതായത് പുണ്യസ്ഥലം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പരമായസിദ്ധിയുടെ ഉദ്ഭവസ്ഥാനത്തെയാണ്. എവിടെയാണ് മനനത്രാണധർമ്മമായ മന്ത്രം സിദ്ധമാകാത്തത്? അതായത് ഭക്തിശാലികൾക്ക് ഈ പ്രപഞ്ചമെല്ലാം അങ്ങയുടെ സ്വരൂപം തന്നെയാണ്. അതുകൊണ്ട് എവിടെ വച്ചായാലും മന്ത്രസിദ്ധി കൈവരുന്നതാണ്. എന്തുകൊണ്ടെന്നാൽ ഈ ഭക്തിശാലികൾക്ക് നീ നിറഞ്ഞതാണ് ഈ സമസ്തപ്രപഞ്ചവും, അത് വെറും കേട്ടുകേൾവിയിലൂടെയോ കഥയിലൂടെയോ അറിഞ്ഞതല്ല, മറിച്ച് യഥാർത്ഥത്തിൽ സമാവേശദൃഷ്ടിയിലൂടെ തന്നെ അറിഞ്ഞതാണ്.

മഹാമഹേശ്വരാചാര്യശ്രീമദഭിനവഗുപ്തകൃതം

# പരമാർത്ഥസാരം (2)

(ശ്രീമദ്യോഗരാജകൃതവിവൃതിസഹിതം)

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ.

(കഴിഞ്ഞലക്കം തുടർച്ച)

ഏവമേതദണ്ഡചതുഷ്ടയം പ്രതിപാദ്യാത്രൈവ ഭോഗ്യഭോക്തൃത്വപ്രതിപാദനപരതയാ വിശ്വരൂപനിരൂപണായ കാരികാമാഹ.

5. *തത്രാന്തർവിശ്വമിദം വിചിത്രതനുകരണഭുവനസന്താനം*
*ഭോക്താ ച തത്ര ദേഹീ ശിവ ഏവ ഗൃഹീത പശുഭാവഃ.*

സാരം : ഇപ്രകാരം അണ്ഡചതുഷ്ടയത്തെ പ്രതിപാദിച്ചിട്ട് ഇവിടെ ഭോക്താവ്, ഭോഗ്യം എന്ന രൂപത്തിൽ പ്രപഞ്ചത്തെ നിരൂപിക്കുന്നതിനായി ഇനിയുള്ള കാരികയെ പ്രസ്താവിക്കുന്നു. ഇങ്ങനെയുള്ള ചതുരണ്ഡങ്ങൾക്കകത്തായി വിവിധ ശരീരേന്ദ്രിയ ഭുവനങ്ങളായി ഈ വിശ്വം സ്ഥിതിചെയ്യുന്നു. ഈ വിശ്വത്തിൽ ഭോക്താവും ദേഹിയുമായിത്തീർന്നിരിക്കുന്നത് സ്വയമേവ പശുഭാവത്തെ സ്വീകരിച്ച സാക്ഷാൽ ശിവനാകുന്നു.

## വിവൃതി

തത്ര തേഷു ചതുഷ്വണ്ഡേഷ്വാഗമ പ്രസിദ്ധേഷു വിശ്വമിദമന്തഃ മദ്ധ്യേ വർത്തതേ. കീദൃശമിത്യാഹ 'വിചിത്ര ഇതി'. രുദ്രക്ഷേത്രജ്ഞഭേദഭിന്നാ നാനാമുഖഹസ്തപാദാദി രചനാ രൂപാഃ തനവഃ ആകാരാഃ വിശിഷ്ട സംസ്ഥാനരൂപേണാശ്ചര്യ്യഭൂതാഃ തഥാന്യോന്യഭേദേന സാതിശയാനി കരണാനി ചക്ഷുരാദീനി. തദ്യഥാ രുദ്ര പ്രമാതൃണാം നിരതിശയാനി സർവ്വജ്ഞത്വാദി ഗുണഗണയുക്താനി തൈഃ കില സർവ്വമിദമേകസ്മിൻ ക്ഷണേ യുഗപദ് ജ്ഞായതേ സംപാദ്യതേ ച. ക്ഷേത്രജ്ഞാനാം പുനരേതാന്യേവ കരണാനി പരമേശ്വര നിയതി ശക്തി നിയന്ത്രിതാനി സന്തി ഘടാദിപദാത്ഥമാത്രജ്ഞാന കരണസമത്ഥാന്യേവ ന തൈഃ സർവ്വം ജ്ഞായതേ

നാപി ക്രിയതേ. തത്രാപി യോഗിനാമതിശയഃ കരണാനാം യന്നിയതി ശക്തി സമുല്ലങ്ഘനാത്തദീയൈഃ കരണൈഃ ദൂരവ്യവഹിത വിപ്രകൃഷ്ടമ പി പരിച്ഛിദ്യതേ പരമപ്രമാതൃഗതം ച സുഖദുഃഖാദി ജ്ഞായതേ. ഏവം ച തിരശ്ചാമപി നിയതി ശക്ത്യാ സങ്കുചിതാനാമപി മനുഷ്യേഭ്യോഽപ്യ തിശയഃ കരണാനാം വിദ്യതേ. തദ്യഥാ ഗാവഃ സ്വഗൃഹം വ്യവഹിതമപി പശ്യന്ത്യശ്വാരാത്രാവപി മാര്ഗ്ഗമീക്ഷന്തേ ഗൃധ്രായോജന ശതഗതമപ്യാമി ഷമവലോകയന്തി പക്ഷിണോ മക്ഷികാ മഷകപര്യ്യന്താ ആകാശവിഹാ രിണോദൃശ്യന്തേ സരീസൃപാ ഉരസാ പന്ഥാനം ഗച്ഛന്തി ദൃശാ ച ശൃണ്വ ന്തി, ശബ്ദാനുഷ്ടാ ദൂരാദപി ഗന്ധാച്ഛ്വാസമാത്രേണ സര്പ്പമാകർഷയന്തീതി. ഏവം സര്വ്വത്ര കരണവൈചിത്ര്യ മൂഹ്യം. തഥാ ഭുവനാനി ആഗമപ്രസി ദ്ധാനി വര്ത്തുളത്ര്യശ്രചതുരശ്രാദ്ധചന്ദ്രഛത്രാകരാരതയാ സാതിശയ സംസ്ഥാനാനീതി ഏവം വിചിത്രഃ നാനാതിശയാദ്ഭുതസ്വഭാവ ഏഷാം തനുകരണ ഭുവനാനാം. സന്താനഃ അവിരതബന്ധപ്രവാഹോ യസ്മിൻ വിശ്വസ്മിംസ്തദേവംവിധം വിശ്വം. ഏവം വിധേ ചാത്ര ഭോഗ്യസ്വഭാവേ വിശ്വസ്മിൻ ഭോക്ത്രാ ഭാവ്യമിത്യാഹ. ഭോക്താ ച തത്രദേഹീ ച. മലത്ര യാഹ്ലാതോ ദേഹോ ഭോഗായതനം വിദ്യതേ യസ്യാണോഃ സദേഹീ സുഖദുഃഖാദിസ്വഭാവഃ ശരീരീസുഖദുഃഖാദി മയേഽസ്മിൻ ഭോക്താ സുഖദുഃ ഖാദ്യനുഭവിതാ പശുപ്രമാതേതി കഥ്യതേ. നനു പരപ്രമാതൃപേക്ഷയാ ണുമാത്ര സ്യാപി നഭേദോ വിദ്യതേ കുതസ്തദ്വ്യതിരിക്തോ ദേഹീ നാമ വരാകഃ യദുക്തം -

*പ്രദേശോഽപി ബ്രഹ്മണഃ സാര്വ്വരൂപ്യമനതിക്രാന്തശ്ച അവികല്പ്യശ്ച.*

ഇതി.

*ഏകൈകത്രന തത്ത്വേഽപിഷഡ്ത്രിംശത്തത്ത്വരൂപതാ.*

ഇതി.

ന്യായാച്ചൈക ഏവ സ്വശക്തിയുക്തോ മഹാപ്രകാശവപുരേവ പ്ര മാണാ സര്വ്വതോഭിന്ന ഏവാവഭാസതേ. തതോഭിന്നസ്യാപ്രകാശമാന സ്യ ദേഹിനോഽസ്തിത്വാഭ്യുപഗമോഽപി പ്രകാശമാത്ത്വാനുപപത്തേന്ന സത്താ നിശ്ചീയതേ. പ്രകാശതേ ചേത്തസ്മിൻ പരബ്രഹ്മണിതഹി പ്ര കാശാഭിന്ന ഏവൈകഃ പ്രമാതേതി പുനരപി കിംപരത്വേനായം ഭോഗ്യ ഭോക്തൃലക്ഷണഃ സൻഭേദ ഇതി സര്വ്വം സമത്ഥയമന ആഹ ശിവ ഏവ ഗൃഹീത പശുഭാവ ഇതി. യോയം ഭഗവാൻ സമനന്തരം പ്രതിപാദിതശ്ചി

ദാനന്ദൈകഘനഃ സ്വാതന്ത്ര്യസ്വഭാവഃ ശിവഃ സ ഏവ സ്വരൂപഗോപനാ സതത്ത്വഃ സൻ സ്വേച്ഛയാ നട ഇവ ദേഹ പ്രമാതൃഭൂമികാം സമാപന്നഃ.

പാല്യത്ത്വാത് പശുത്ത്വാത് പശുസത്താലക്ഷണശ്ച സുഖദുഃഖാദി മയേ സ്വയം നിർമ്മിതേ/സ്മിൻ ഭോഗ്യേ ഭോക്താദേഹീതി കഥ്യതേ ന പുനഃ ശിവവ്യതിരിക്തം കിഞ്ചിത് പദാർത്ഥ ജാതമസ്തി. ഏഷ ഏവ ച ഭ ഗവാൻ ശിവഃ സ്വാതന്ത്ര്യാദ്ഭോക്തൃഭോഗ്യലക്ഷണം പ്രമാതൃപ്രമേയാ യു ഗളകം ക്രീഡനകമിവ സമുത്ഥാപയതി യദപേക്ഷയായം ഭേദപ്രധാനോ വ്യവഹാരഃ. തസ്മാദേതദേവപരമേശ്വരസ്യ സ്വാതന്ത്ര്യം നിരതിശയം യത് പൂർണ്ണരൂപതാപരിത്യാഗേന ഭോക്തൃഭോഗ്യ സ്വഭാവം. പശുഭാവമാ പന്നോ/പി സർവ്വപ്രമാതൃണാമനു/ഭവിതൃതയാ സ്വാത്മനി. പ്രസ്ഫുരച്ചിദാന ന്ദൈകഘനഃ ശിവ ഏവ.

## പരിഭാഷ

ആഗമപ്രസിദ്ധങ്ങളായ മേൽപ്പറഞ്ഞ 4 അണ്ഡങ്ങളിൽ രുദ്രക്ഷേത്ര ജ്ഞ ഗുണങ്ങളോട്ടുകൂടി മുഖം, കൈകാലുകൾ മറ്റവയവങ്ങളെന്നിവ പല ഘടനകളോട്ടുകൂടിയ ജീവിവൈവിദ്ധ്യത്തോട്ടുകൂടി ഈ വിശ്വം സ്ഥിതി ചെയ്യുന്നു. ചക്ഷുരാദി ഇന്ദ്രിയങ്ങളിലും ഈ ഘടനാവൈചിത്ര്യം ദൃശ്യ മാണ്. അതെങ്ങനെയെന്നുവച്ചാൽ രുദ്രപ്രമാതാക്കൾ നിരതിശയങ്ങളാ യുള്ള സർവ്വജ്ഞത്വാദി ഗുണങ്ങളോട്ടുകൂടിയവരായതിനാൽ അവർക്ക് തങ്ങളുടെ യാഥാർത്ഥ്യം അറിയാനും അതിനെ പ്രാപിക്കാനും സാദ്ധ്യ മാകുന്നു. ക്ഷേത്രജ്ഞപ്രമാതാക്കളാകട്ടെ അവരുടെ കരണങ്ങൾ പരമേ ശ്വരന്റെ നിയതിശക്തിയാൽ നിയന്ത്രിക്കപ്പെട്ടതിനാൽ ഘടാദികളെ മാ ത്രമായി വേർതിരിച്ചറിയുന്ന തരത്തിൽ സമർത്ഥങ്ങളായിത്തീരുന്നു. അ വർ സ്വസ്വരൂപത്തെ പ്രാപിക്കാനോ അറിയാനോ സമർത്ഥരാകുന്നില്ല. ഇക്കൂട്ടരിലും യോഗികൾ ആ നിയതിശക്തിയെ ഭേദിച്ചവരായതിനാൽ കാലാതീതമായതിനെ അറിയാനും മറ്റുള്ള ജീവികളുടെ സുഖദുഃഖങ്ങളെ അനുഭവിക്കാനും സമർത്ഥരാകുന്നു. അതുപോലെത്തന്നെ മനുഷ്യേതര ജീവികളും നിയതിശക്തിയാൽ ബന്ധിതമാണെങ്കിലും ഇന്ദ്രിയപരമായി മനുഷ്യരേക്കാൾ മുൻപന്തിയിലാണ്. ഉദാഹരണത്തിന് പശുക്കൾ അവ രവരുടെ വാസസ്ഥലം എത്ര മറഞ്ഞിരിക്കുന്നതാണെങ്കിലും കണ്ടുപിടി ക്കാൻ കഴിവുള്ളവരാകുന്നു. കുതിരകൾ രാത്രിയിലും മാർഗ്ഗത്തെ ദർശി ക്കാൻ സാധിക്കുന്നവരാകുന്നു. കഴുകൻ എത്ര അകലെയുള്ള മാംസത്തെ

യും മണത്തു കണ്ടുപിടിക്കുന്നു. പക്ഷികൾ, ഈച്ച, കൊതുക് എന്നിവ ആകാശത്ത് വിഹരിക്കുന്നു. സർപ്പങ്ങൾ വയർമുഖേന സഞ്ചരിക്കുകയും കണ്ണുകളെക്കൊണ്ട് കേൾക്കുകയും ചെയ്യുന്നു. ഒട്ടകങ്ങൾ തങ്ങളുടെ ശ്വാസോച്ഛ്വാസംകൊണ്ടുതന്നെ പൊത്തിൽ കിടക്കുന്ന പാമ്പുകളെ പുറത്തേക്ക് ആകർഷിക്കുന്നു. ഇങ്ങനെ പോകുന്നു മറ്റു ജീവികളുടെ ഇന്ദ്രിയങ്ങളുടെ കഴിവുകളുടെ വൈചിത്രം. ഇപ്രകാരം തന്നെ ആഗമപ്രസിദ്ധങ്ങളായുള്ള വൃത്ത, ത്രികോണ, ചതുരശ്ര, അർദ്ധചന്ദ്ര, ഛത്രാകാരം എന്നീ ആകാരവൈചിത്രങ്ങളും കാണപ്പെടുന്നു. ഇപ്രകാരം നാനാതിശാദ്ഭുതസ്വഭാവങ്ങളായുള്ള ശരീര, ഇന്ദ്രിയ, ഭുവനങ്ങളുടെ ഒരു ശൃംഖലയാണ് ഈ വിശ്വം. ഇത്തരത്തിലുള്ള ഭോഗ്യമായ പ്രപഞ്ചമുണ്ടെങ്കിൽ തീർച്ചയായും ഇതിന് ഒരു ഭോക്താവും ഉണ്ടാകേണ്ടതാണ്. ആ ഭോക്താവാണ് ദേഹിയായ പരമേശ്വരൻ. മലത്രയങ്ങൾക്ക് വിധേയമാകുന്ന ജീവൻ സുഖദുഃഖാദികൾക്ക് പാത്രമാകുന്നു. ഈ ജീവനെ പശുപ്രമാതാവെന്നു വിളിക്കുന്നു. എന്നാൽ പശുപ്രമാതാവ് യഥാർത്ഥത്തിൽ പരപ്രമാതാവിൽനിന്നും ഭിന്നനല്ല. അതെങ്ങനെയെന്നു പറയുന്നു.

'ബ്രഹ്മത്തിന്റെ ചെറിയൊരംശത്തിൽപ്പോലും ബ്രഹ്മം മുഴുവനായും കുറച്ചുപോലും കൂടാതെയോ കുറയാതെയോ സ്ഥിതിചെയ്യുന്നു.'

36 തത്ത്വങ്ങളിലോരോന്നിലും മറ്റെല്ലാ തത്ത്വവും അടങ്ങിയിരിക്കുന്നു.

ഈ ന്യായപ്രകാരം സ്വശക്തിയോടുകൂടിയ മഹാപ്രകാശരൂപനായിരിക്കുന്ന ശിവൻ തന്നെയാണ് ഭിന്നനായി പ്രമാതാവായിത്തീർന്നിരിക്കുന്നത്. ഇതിൽനിന്നും ഭിന്നനായി ഇനി ഏതെങ്കിലും വസ്തുവിന് അസ്തിത്വമുണ്ടെങ്കിൽത്തന്നെ അത് അപ്രകാശിതമായിത്തീരും. കാരണം, സർവ്വപ്രകാശിതമായിരിക്കുന്ന വസ്തുവിൽനിന്നും ഭിന്നമായതിന് പ്രകാശിതമായതിൽ അസ്തിത്വം സാദ്ധ്യമല്ല.

അങ്ങനെയെങ്കിൽ ഭോക്താവ് ഭോഗ്യം എന്നീ രണ്ടവസ്ഥകൾ എപ്രകാരം വരുന്നുവെന്ന് ചോദ്യം വരും. അതിനാണ് സാക്ഷാൽ ശിവൻ തന്നെയാണ് ഈ ഭാവങ്ങളെ സ്വീകരിച്ചിട്ടുള്ളത് എന്ന് പറഞ്ഞിട്ടുള്ളത്. ചിദാനന്ദൈകഘനസ്വരൂപനും പരിപൂർണ്ണ സ്വാതന്ത്ര്യം സ്വഭാവമായുള്ളവനുമായ ശിവൻ സ്വസ്വരൂപത്തെ ഗോപനം ചെയ്തിട്ട് സ്വേച്ഛയാൽ നടനെപ്പോലെ പ്രമാതൃവേഷത്തെ സ്വീകരിച്ചിട്ട് പശുവായി തീർന്നിരിക്കുന്നു. പാലിക്കപ്പെടുന്ന സ്വഭാവമുള്ളതിനാൽ പശുവായിത്തീർന്നി

ട്ട് അവനവനാൽ നിർമ്മിക്കപ്പെട്ട ഈ ഭോഗ്യ പ്രപഞ്ചത്തിൽ ഭോക്താവായി ദേഹിയായി വിലസുന്നു. ഈ പശുപ്രമാതാവ് ശിവനിൽനിന്നും ഭിന്നമായ വേറൊരു പദാർത്ഥമല്ല. ഈ ശിവൻതന്നെ സ്വസ്വാതന്ത്ര്യത്താൽ ഭോക്തൃഭോഗ്യരൂപത്തിലുള്ള പ്രമാതൃപ്രമേയരൂപങ്ങളെ കളിപ്പാട്ടത്തെപ്പോലെ സൃഷ്ടിക്കുന്നു. ഇത് ഭേദപ്രധാനമായി വ്യവഹരിക്കുകയും ചെയ്യുന്നു.

ഇപ്രകാരം പരമേശ്വരന്റെ സ്വാതന്ത്ര്യശക്തി പൂർണ്ണരൂപത്തെ ത്യജിച്ചുകൊണ്ട് ഭോക്തൃഭോഗ്യങ്ങളായി പശുസ്വഭാവത്തെ സ്വീകരിച്ചവനായിരുന്നിട്ടും സർവ്വപ്രമാതാക്കളുടെയും ഉള്ളിൽ അനുഭവിക്കുന്നവനായി സ്വസ്വരൂപത്തിൽ ചിദാനന്ദൈകഘനനായിത്തന്നെ സ്ഫുരിച്ചുകൊണ്ടിരിക്കുന്നു.

## തിരുത്ത്

കഴിഞ്ഞ ലക്കത്തിലെ 'ഐൻസ്റ്റിന്റെ സമവാക്യങ്ങളും ജ്യോതിഷവും' എന്ന ലേഖനത്തിൽ 21-ാം പേജിൽ 16-ാം വരിയിൽ 'T' എന്നത് 't' എന്നും 18-ാം വരിയിൽ $(CT)2 = (CT)2 - R2$ എന്നത് $(CT)2 = (ct)2 - R2$ എന്നും തിരുത്തി വായിക്കണം. കൂടാതെ അതേ പേജിൽ രണ്ടാം ഖണ്ഡികയിലെ അവസാനവാക്യം ഇപ്രകാരം വായിക്കണം : 'അതുകൊണ്ടുതന്നെ ഒരേ ഭൗതികസാഹചര്യത്തിൽ ജീവിക്കുന്ന A-യുടെ ജാതകഫലങ്ങളും B-യുടെ ജാതകഫലങ്ങളും ഒരു ജ്യോതിഷി വിവരിക്കുന്നത് വ്യത്യസ്തമായിട്ടാണെങ്കിൽ ശാസ്ത്രീയമായി അത് തെറ്റാണെന്ന് സമർത്ഥിക്കാൻ സാധ്യമല്ല.'

RNI Registration Number – KERMAL/2012/56910

Printed and Published by Sreekanth.C, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda,Thrissur, Kerala,680712. Editor: D.Prakash